2023
MAY
18
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## സിദ്ധരാമയ്യ കർണാടക മുഖ്യമന്ത്രി; ഡി.കെ. ശിവകുമാർ ഉപമുഖ്യമന്ത്രി

**ന്യൂഡൽഹി:** കോൺഗ്രസ് ഹൈക്കമാൻഡിന്റെ നേതൃത്വത്തിൽ രാത്രി വൈകി നീണ്ട മാരത്തൺ ചർച്ചകൾക്കൊടുവിൽ കർണാടകയിലെ മുഖ്യമന്ത്രി സ്ഥാനം സംബന്ധിച്ച് തീരുമാനം. സിദ്ധരാമയ്യ തന്നെ മുഖ്യമന്ത്രിയാകും. ഡി.കെ. ശിവകുമാർ ഏക ഉപമുഖ്യമന്ത്രിയാകും. ആറ് പ്രധാന വകുപ്പുകൾ അദ്ദേഹത്തിന് നൽകിയേക്കും. ഒറ്റ പദവി നിബന്ധനയിലും ഇളവ് നൽകി പിസിസി അധ്യക്ഷനായി തുടരാൻ അനുവദിക്കും.

**സത്യപ്രതിജ്ഞ ശനിയാഴ്ച**

സത്യപ്രതിജ്ഞ ശനിയാഴ്ച നടക്കും. ഇന്നു വൈകിട്ട് ഏഴിന് ബെംഗളൂരുവിൽ ചേരുന്ന നിയമസഭാ കക്ഷിയോഗം സിദ്ധരാമയ്യയെ നേതാവായി തിരഞ്ഞെടുക്കും. വകുപ്പ് വിഭജനം സംബന്ധിച്ച തീരുമാനവും ഇരുപക്ഷവും തമ്മിലുള്ള സമവായത്തിലൂടെ നടപ്പാക്കുമെന്നാണ് വിവരം.

മൂന്നു ദിവസം നീണ്ട ചർച്ചകൾക്കും അനിശ്ചിതത്വങ്ങൾക്കും ശേഷമാണ് കർണാടകയിലെ മുഖ്യമന്ത്രി പദം സംബന്ധിച്ച് ഹൈക്കമാൻഡിന്റെ ഇടപെടലോടെ നടന്ന അനുനയ നീക്കങ്ങൾ വിജയം കണ്ടത്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ വ്യാഴാഴ്ച രാവിലെ തീരുമാനം മാധ്യമങ്ങളോട് പ്രഖ്യാപിക്കുമെന്നാണ് വിവരം. ആദ്യ 2 വർഷം സിദ്ധരാമയ്യയ്ക്കും ബാക്കി 3 വർഷം ശിവകുമാറിനും നൽകാമെന്ന ഹൈക്കമാൻഡിന്റെ പരിഹാര ഫോർമുല ശിവകുമാർ തള്ളിയിരുന്നു. പൂർണ ടേം അനുവദിക്കുക, അല്ലെങ്കിൽ ആദ്യ ഊഴം വേണമെന്നതായിരുന്നു നിലപാട്. സിദ്ധരാമയ്യയ്ക്കു കീഴിൽ ഏക ഉപമുഖ്യമന്ത്രിയാക്കാമെന്ന വാഗ്ദാനം ആദ്യം നിരസിച്ച ശിവകുമാർ പിന്നീട് വഴങ്ങുകയായിരുന്നു.

# ചേർത്തല ഓട്ടോകാസ്റ്റിൽ ഇഷ്ടിക നിർമാണ പദ്ധതിയും നിലച്ചു

## 72 ലക്ഷം ഇഷ്ടിക ലക്ഷ്യമിട്ടെങ്കിലും ആകെ നിർമിച്ചത് ആയിരത്തിൽ താഴെ

**ആലപ്പുഴ:** പൊതുമേഖലാ ഇരുമ്പ് ഉരുക്ക് സ്ഥാപനമായ ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡിൽ വ്യവസായ മാലിന്യമായ മണൽ ഉപയോഗിച്ച് ഇഷ്ടിക ഉണ്ടാക്കുന്ന പദ്ധതിയും കെടുകാര്യസ്ഥത മൂലം നിലച്ചു. 72 ലക്ഷം ഇഷ്ടിക ലക്ഷ്യമിട്ടെങ്കിലും ആകെ നിർമിച്ചത് ആയിരത്തിൽ താഴെ മാത്രം. 2022 മേയിൽ തുടക്കമിട്ട പദ്ധതിയിൽ ഇഷ്ടിക ഉൽപാദനം തുടങ്ങിയപ്പോഴേക്കും യന്ത്രം കേടായി. അറ്റകുറ്റപ്പണി നടത്തിയെങ്കിലും ശരിയായില്ല.



യന്ത്രത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്താൻ അതു സ്ഥാപിച്ച കരാർ കമ്പനിയെത്തന്നെ ഏൽപിച്ചു. എന്നാൽ അവർ ഉപകരാർ നൽകി. തകരാർ പരിഹരിക്കാനുള്ള സാങ്കേതിക വിദഗ്ധനെ കണ്ടെത്താൻ ആ കമ്പനിക്കും കഴിഞ്ഞില്ല. അങ്ങനെ പദ്ധതി നിലച്ചു. ആയിരത്തിലധികം കട്ട നിർമിക്കുന്ന തരത്തിൽ യന്ത്രം സജ്ജമാക്കാൻ സാധിക്കുമെന്നാണ് ഓട്ടോകാസ്റ്റിലെ എൻജിനീയറിങ് വിഭാഗം പറയുന്നത്.

തിരുവനന്തപുരത്ത് പാപ്പനംകോടുള്ള നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (എൻഐഎസ്ടി) ആണ് ഇഷ്ടിക നിർമാണത്തിനുള്ള സാങ്കേതികവിദ്യ ഓട്ടോകാസ്റ്റിനു നൽകിയത്. ട്രെയിൻ ബോഗികളുടെ നിർമാണം ഓട്ടോകാസ്റ്റ് ഏറ്റെടുത്തിരുന്നു. ബോഗികളുടെ നിർമാണത്തിനുള്ള മൂശ (മോൾഡ്) രൂപപ്പെടുത്താൻ സിലിക്ക മണലാണ് ഉപയോഗിക്കുന്നത്. ഇതിൽ രാസവസ്തുക്കൾ ചേർക്കുന്നതിനാൽ പരിധിയിലധികം സൂക്ഷിക്കുന്നതു പരിസ്ഥിതി പ്രശ്നങ്ങൾക്കു വഴി വയ്ക്കും.

അതിനൊരു പ്രതിവിധിയായിക്കൂടിയാണ് ഇഷ്ടിക നിർമാണ പദ്ധതി ആരംഭിച്ചത്.

## വൊഡാഫോണിൽ കൂട്ടപ്പിരിച്ചുവിടൽ

ബ്രിട്ടിഷ് ടെലികമ്യൂണിക്കേഷൻ കമ്പനിയായ വൊഡാഫോൺ 11,000 ജീവനക്കാരെ മൂന്നു വർഷത്തിനുള്ളിൽ പിരിച്ചുവിടും. കമ്പനിയുടെ പ്രകടനം ഇപ്പോൾ മോശമാണെന്നും ചെലവു കുറച്ചെങ്കിൽ മാത്രമേ മത്സരക്ഷമത തിരിച്ചുകൊണ്ടുവരാനാകൂ എന്നും പുതിയ ചീഫ് എക്സിക്യൂട്ടീവ് മാർഗരിറ്റ ഡെല്ല വാലെ പറഞ്ഞു.

## ആമസോൺ ഇന്ത്യ 500 ജീവനക്കാരെ പിരിച്ചുവിടും

500 ജീവനക്കാരെക്കൂടി പിരിച്ചുവിടുമെന്ന് ആമസോൺ ഇന്ത്യ. ആമസോൺ വെബ് സർവീസിൽ നിന്നാണ് പിരിച്ചുവിടൽ. 9000 ജീവനക്കാരെ പിരിച്ചുവിടുമെന്ന് കഴിഞ്ഞ മാർച്ചിൽ കമ്പനി പ്രഖ്യാപിച്ചിരുന്നു.



## ചുമട്ടു തൊഴിലാളി നിയമഭേദഗതി വരുത്തും: മന്ത്രി വി. ശിവൻകുട്ടി

അടുത്ത നിയമസഭ സമ്മേളനത്തിൽ തൊഴിലാളികൾക്ക് ഗുണകരമാകുന്ന തരത്തിൽ ചുമട്ടുതൊഴിൽ മേഖലയിൽ നിയമഭേദഗതി വരുത്തുമെന്ന് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്, ചുമട്ടു തൊഴിലാളികൾക്ക് സംഘടിപ്പിക്കുന്ന ത്രിദിന സമഗ്ര സെർട്ടിഫൈഡ് വൈദഗ്ധ്യ പരിശീലനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഒരു കാലഘട്ടത്തിൽ അസംഘടിതരായിരുന്ന ചുമട്ടു തൊഴിലാളികളുടെ തൊഴിൽ ക്രമീകരിക്കുന്നതിനും ക്ഷേമ പരിരക്ഷ ലഭ്യമാക്കുന്നതിനായി നിയമമുണ്ടാക്കി മാതൃക സൃഷ്ടിച്ചത് കേരളമാണ്. രാജ്യത്തെന്നല്ല ലോകത്തു തന്നെ ഇത്തരത്തിലുള്ള ആദ്യ നിയമമാണിത്.എന്നാൽ നിലവിൽ ചുമട്ടു തൊഴിലാളികളുടെ തൊഴിൽ വൈദഗ്ദ്യം ചോദ്യം ചെയ്യപ്പെടുകയും മതിയായ സ്കിൽ ഇല്ല എന്ന് പറഞ്ഞു പല ജോലിയിൽ നിന്നും മാറ്റി നിർത്തുന്ന അവസ്ഥയുമാണുള്ളത്.

കേരളത്തിലെ തൊഴിൽ മന്ത്രാലയം എന്നും തൊഴിലാളികളോടൊപ്പമാണെന്നും, ലോകവും നാടും എല്ലാ രീതിയിലും മാറുമ്പോൾ തർക്കങ്ങളിലല്ല, മാറ്റത്തിലേക്കാണ് നമ്മളും ചുവട് വയ്ക്കേണ്ടത് എന്നും അദ്ദേഹം പറഞ്ഞു. വ്യക്തിത്വ നൈപുണ്യ വികസനത്തിനുവേണ്ടി ക്ലാസ്സ് റൂമിന് പുറമേ ഇൻഡസ്ട്രിയൽ വിസിറ്റുംകൂടി സംഘടിപ്പിച്ച് വളരെ സാങ്കേതികമായി പരിശീലനം സംഘടിപ്പിച്ചതിന് കിലെയെ മന്ത്രി അഭിനന്ദിച്ചു.



# ഓരോ ജില്ലയ്ക്കും ഓരോ വിള; 500 ഏക്കറിൽ കൃഷി: മന്ത്രി വാസവൻ

**മുഹമ്മ :** ഓരോ ജില്ലയിലും ഓരോ വിളയ്ക്കു പ്രാധാന്യം നൽകി 500 ഏക്കർ കൃഷി പദ്ധതി സഹകരണ വകുപ്പ് നടപ്പാക്കുമെന്ന് മന്ത്രി വി.എൻ.വാസവൻ. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള നൂറുദിന കർമപരിപാടിയുടെ ഭാഗമായാണു സുഭിക്ഷ കേരളം 500 ഏക്കർ കൃഷി പദ്ധതി പ്രഖ്യാപിച്ചത്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനായി മന്ത്രി നിർവഹിച്ചു.സർക്കാരിന്റെ വാർഷികത്തോടനുബന്ധിച്ചു സഹകരണ വകുപ്പ് 24 പദ്ധതികളാണ് മുന്നോട്ടു വയ്ക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണു സുഭിക്ഷ കേരളമെന്നു മന്ത്രി പറഞ്ഞു. ഓരോ ജില്ലയ്ക്കും ഓരോ വിള നിശ്ചയിച്ച് വിവിധ വിളകൾ ഉൽപാദിപ്പിക്കുകയാണു ലക്ഷ്യം. തെങ്ങ്, കവുങ്ങ്, വാഴ തുടങ്ങിയവയും ധാന്യക്കൃഷിയും നടത്തും. ആലപ്പുഴ ജില്ലയിൽ ഏത്തവാഴക്കൃഷിക്കാണ് പ്രാധാന്യം നൽകുന്നതെന്നും മന്ത്രി പറഞ്ഞു.

വൈസ് പ്രസിഡന്റ് ബിജി അനിൽകുമാർ, ഗ്രാമപഞ്ചായത്തംഗം കെ.എസ്. സുരേഷ്, ജില്ലാ സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർ പി.സുനിൽ കുമാർ, സഹകരണ അസിസ്റ്റ് റജിസ്ട്രാർ (ജനറൽ) എൽ.ജ്യോതിഷ് കുമാർ, കേരള കോ ഓപ്പറേറ്റിവ് എംപ്ലോയീസ് യൂണിയൻ ജില്ലാ സെക്രട്ടറി മനു ദിവാകരൻ, ജില്ലാ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാരായ എ.എസ്.സാബു, എസ്.നസീം, മുരളി തഴക്കര തുടങ്ങിയവർ പങ്കെടുത്തു. കഞ്ഞിക്കുഴി സഹകരണ ബാങ്കിന്റെ നേതൃത്വത്തിലാണ് പരിപാടി നടത്തിയത്.

## സ്വയം തൊഴിൽ വായ്പ; അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നോർകാ റൂട്സുമായി ചേർന്ന് നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിയായ പ്രവാസി പുനരധിവാസ വായ്പാ പദ്ധതിയിൽ അപേക്ഷ ക്ഷണിച്ചു. വായ്പ അനുവദിയ്ക്കുന്നതിനായി വിവിധ ജില്ലകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകത്വ ഗുണമുള്ള യുവതീ യുവാക്കൾക്ക് അപേക്ഷിക്കാം. അപേക്ഷകർ പട്ടികവിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരും, 18 നും 55 നും മദ്ധ്യേ 66 പ്രായമുള്ളവരുമായിരിക്കണം. ചുരുങ്ങിയത് 2 വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാണ് പരമാവധി 20 ലക്ഷം രൂപ വരെ വായ്പ അനുവദിക്കും.

താൽപ്പര്യമുള്ളവർ അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കുമായി കോർപ്പറേഷന്റെ ബന്ധപ്പെട്ട ജില്ലാ ഓഫീസുകളുമായി ബന്ധപ്പെട്ട് നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം ജാതി, കുടുംബ വാർഷിക വരുമാനം, വയസ്സ് എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ് കൂടി ഉള്ളടക്കം ചെയ്യണം. അപേക്ഷയും അനുബന്ധ രേഖകളും നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിച്ച് അപേക്ഷകർ രജിസ്ട്രേഷൻ നടത്തേണ്ടതിനാൽ ജില്ലാ ഓഫീസിൽ നിന്നും പിന്നീട് ആവശ്യപ്പെടുന്ന മുറയ്ക്ക് മറ്റു വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. നോർക്കാ റൂട്ട്സിന്റെ പരിശോധനക്കു ശേഷമായിരിക്കും കോർപ്പറേഷൻ തുടർന്ന് വായ്പക്കായി പരിഗണിക്കുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 04862 232365, 9400068506.

# രേഖകളില്ല: പരിശോധനയിൽ 3 ഹൗസ് ബോട്ടുകൾ പിടിച്ചെടുത്തു



**ആലപ്പുഴ:** താനൂർ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കർശന പരിശോധനകൾ തുടരുന്നതിനിടെ ജില്ലയിൽ ഓടുന്ന 3 ബോട്ടുകൾക്കു കൂടി നിയമപരമായ രേഖകളും സുരക്ഷാ സംവിധാനവുമില്ലെന്നു കണ്ടെത്തി. മൂന്നെണ്ണത്തിന്റെയും പ്രവർത്തനം നിർത്തിവയ്പിച്ച് ആര്യാട്ടെ യാർഡിലേക്കു മാറ്റി. 5ബോട്ടുകളിൽ ഡ്രൈവർമാർക്കു ലൈസൻസ് ഇല്ലെന്നു കണ്ടെത്തി. 1.15 ലക്ഷം രൂപ വീതം പിഴയടയ്ക്കാൻ നോട്ടിസ് നൽകി. ജില്ലാ പൊലീസ് മേധാവി ചൈത്ര തെരേസ ജോണിന്റെ നിർദേശ പ്രകാരം തുറമുഖ ഓഫിസ് ഉദ്യോഗസ്ഥരും ടൂറിസം പൊലീസും ചേർന്നു പള്ളാത്തുരുത്തിയിൽ നടത്തിയ പരിശോധനയിലാണു ക്രമക്കേടുകൾ കണ്ടെത്തിയത്. 9 ബോട്ടുകളാണു പരിശോധിച്ചത്. ഒരെണ്ണത്തിനു മാത്രമാണു നിശ്ചിത രേഖകൾ ഉണ്ടായിരുന്നത്.

പരിശോധനകൾ വ്യാപകമാക്കുമ്പോഴും ബോട്ടുകൾ നിയമങ്ങൾ ലംഘിച്ചു സർവീസ് നടത്തുകയാണെന്ന് ഇതോടെ വ്യക്തമായി. രാവിലെ മുതൽ വൈകിട്ടു വരെ ബോട്ടുകളിൽ പരിശോധന തുടരും.അനിൽകുമാർ, ഷാബു എന്നിവരോടൊപ്പം ടൂറിസം പൊലീസിലെ എസ്ഐ പി. ജയറാം, സിവിൽ പൊലീസ് ഓഫിസർമാരായ ടി.അജയകുമാർ, സുധീർ, എം.ശാരിക, ആർ.ജോഷിത് എന്നിവരും പരിശോധനയിൽ പങ്കെടുത്തു. യാത്രാ ബോട്ടുകളിൽ യാത്രക്കാരുടെ സുരക്ഷയ്ക്ക് മുൻതൂക്കം കൊടുത്തു വരുംദിവസങ്ങളിൽ പരിശോധ കർശനമാക്കുമെന്ന് ജില്ലാ പൊലീസ് മേധാവി പറഞ്ഞു.

കഴിഞ്ഞ ദിവസങ്ങളിൽ നടത്തിയ പരിശോധന കൂടിയാകുമ്പോൾ ആകെ 49 ബോട്ടുകൾ പരിശോധിച്ചതിൽ 24 എണ്ണത്തിനും മതിയായ രേഖകളില്ലെന്നും നിയമം പാലിച്ചല്ല ഓടുന്നതെന്നും കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞയാഴ്ച കലക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബോട്ടുകളിൽ സഞ്ചരിക്കുന്ന എല്ലാവർക്കും ലൈഫ് ജാക്കറ്റ് നൽകാനും സുരക്ഷ ഉറപ്പാക്കാനും ബോട്ട് ഉടമകളോടു നിർദേശിച്ചിരുന്നു. പോർട്ട് അധികൃതരും ടൂറിസം പൊലീസും പരിശോധന വിപുലമാക്കുകയും ചെയ്തു. എന്നിട്ടും ഇൻഷുറൻസ് ഇല്ലാതെ ബോട്ടുകൾ സർവീസ് നടത്തുന്നുണ്ടെന്നാണ് ഇന്നലെ വ്യക്തമായത്.



# ഇഞ്ചിക്ക് റെക്കോഡ് വില

**മൂവാറ്റുപുഴ:** കനത്ത നഷ്ടത്തെ തുടർന്നു കൃഷി ഉപേക്ഷിച്ചു ഇഞ്ചിക്കർഷകർ മറ്റു തൊഴിലുകളിലേക്കു കടക്കാൻ തയാറെടുക്കുമ്പോഴാണു മറ്റൊരു കാലത്തുമില്ലാത്ത റെക്കോർഡ് വിലയിലേക്ക് ഇഞ്ചി അതിവേഗം കുതിച്ചു കയറുന്നത്. ഒരു കിലോഗ്രാം ഇഞ്ചിക്ക് 250 രൂപ വരെയായി വില ഉയർന്നു കഴിഞ്ഞു. കഴിഞ്ഞ വർഷം ഏപ്രിലിൽ 54 കിലോഗ്രാമിന്റെ ചാക്കിന് കർണാടകയിൽ 600 മുതൽ 700 രൂപ വരെയായിരുന്നു വില. ഇതാണ് പതിനായിരവും കടന്നു 15,000 രൂപയിലേക്കു കുതിക്കുന്നത്.

മലയാളിക്ക് കറികളിൽ ഇഞ്ചി ഒഴിച്ചു കൂടാനാകാത്ത ചേരുവയാണ്. എന്നാൽ വില കൂടിയതോടെ അടുക്കളയിലും ഇഞ്ചിക്ഷാമം രൂക്ഷമായി. പകരം ഇഞ്ചിക്കൊപ്പം തന്നെ കറികളിൽ ഉപയോഗിക്കുന്ന വെളുത്തുള്ളിയും കൂടി ചേർത്തു വിപണിയിൽ കിട്ടുന്ന ജിഞ്ചർ ഗാർലിക് പേസ്റ്റിലേക്കു മാറിയിരിക്കുകയാണ് പല അടുക്കളകളും. ഇഞ്ചിക്കു വില കൂടും മുൻപേ തന്നെ വിപണിയിൽ എത്തിയ ഒട്ടേറെ പ്രമുഖ ബ്രാൻഡുകളുടെ ജിഞ്ചർ ഗാർലിക് പേസ്റ്റ് കുറഞ്ഞ വിലയ്ക്കു കിട്ടാനുണ്ട്. 25 രൂപ നൽകിയാൽ 100 ഗ്രാം പേസ്റ്റ് കിട്ടും. ഇതു കറികളിൽ ഉപയോഗിച്ച് തൽക്കാലം പിടിച്ചു നിൽക്കാം.

നിലവിൽ കർണാടകയിലും വയനാട്ടിലും ഇടുക്കിയിലും ഇഞ്ചിക്കർഷകരുടെ കൈവശം ഇഞ്ചിയുടെ കരുതൽ ശേഖരം വലുതായില്ല. ദിവസവും വില ഉയരുന്നതിനാൽ വളരെ ശ്രദ്ധിച്ചാണ് ഇഞ്ചിയുടെ വിളവെടുപ്പും. പുതിയ ഇഞ്ചി വിളവെടുത്ത് വിപണിയിൽ എത്തിക്കാൻ സമയമെടുക്കും. അതുവരെ വില വർധിച്ചു കൊണ്ടിരിക്കും. ഇത് ഇഞ്ചി ക്ഷാമത്തിനു കാരണമായേക്കും.

# തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ 40 കോടിയുടെ കേന്ദ്ര പദ്ധതികൾ

**മുളങ്കുന്നത്തുകാവ്:** മെഡിക്കൽ കോളജ് ആശുപത്രിയിൽ പൂർത്തിയാക്കിയ 40 കോടി രൂപയുടെ 26 വികസന പദ്ധതികൾ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. ട്രോമ കെയർ ആൻഡ് ട്രയാജ് ബ്ലോക്ക്, തീപൊള്ളൽ തീവ്ര പരിചരണ യൂണിറ്റ് , എംആർഐ സ്കാൻ, ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള സേവന പരിപാലന പരിശീലന കേന്ദ്രം, ഇ ഹെൽത്ത് പദ്ധതി, അനിൽ അക്കര എംഎൽഎ ഫണ്ടിൽ നിന്ന് അനുവദിച്ച തുക ഉപയോഗിച്ചു വാങ്ങിയ ടെലി കോബാൾട്ട് മെഷിൻ, സർജിക്കൽ ഓങ്കോളജി ഒപി ആൻഡ് ഓപ്പറേഷൻ തിയറ്റർ, സെൻട്രൽ ലൈബ്രറി കം ഓഡിറ്റോറിയം ഒന്നാംഘട്ട നിർമാണം, ഡെന്റൽ കോളജ് വനിതാ ഹോസ്റ്റൽ നിർമാണം എന്നിവയാണു പദ്ധതികൾ. ഇവയിൽ ട്രോമ കെയർ ബ്ലോക്കും തീപ്പൊള്ളൽ തീവ്ര പരിചരണ യൂണിറ്റും നിർമാണം പൂർത്തിയാക്കിയത് കേന്ദ്ര സർക്കാർ അനുവദിച്ച തുക ഉപയോഗിച്ചാണ്.







അവശേഷിക്കുന്ന പദ്ധതികൾക്കാവശ്യമായ തുക സംസ്ഥാന സർക്കാരും അനുവദിച്ചു. നഴ്സിങ് കോളജിൽ ആൺകുട്ടികൾക്ക് ഹോസ്റ്റൽ നിർമിക്കുന്നതിനാവശ്യമായ സ്ഥലം മെഡിക്കൽ കോളജ് ക്യാംപസിൽ നിന്ന് വിട്ട കൊടുക്കുന്നതിനുള്ള സർക്കാർ നടപടികൾ പുരോഗമിക്കുകയാണെന്ന് സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ അറിയിച്ചു. മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. ബി. ഷീല, ഡെന്റൽ കോളജ് പ്രിൻസിപ്പൽ ഡോ.പി. എം.ഷമീന, നഴ്സിങ് കോളജ് പ്രിൻസിപ്പൽ വി.കെ.തങ്കമണി, നെഞ്ച് രോഗാശുപത്രി സൂപ്രണ്ട് ഡോ.ഷഹന എ. ഖാദർ, ലെയ്സൺ ഓഫിസർ ഡോ.സി.രവീന്ദ്രൻ, പുതിയ ആശുപത്രി സൂപ്രണ്ട് ഇൻചാർജ് ഡോ.നിഷ എം.ദാസ്, ആർഎംഒ ഡോ.എ.എം. രൺദീപ് വികസന പദ്ധതികൾ വിശദീകരിച്ചു.

മെഡിക്കൽ കോളജ് ആശുപത്രിയിൽ 10 വർഷം നീണ്ട കാത്തിരിപ്പിനൊടുവിൽ എമർജൻസി ട്രോമ കെയർ സെന്റർ പ്രവർത്തനമാരംഭിക്കുന്നു. ആശുപത്രിയിൽ അത്യാസന്ന നിലയിലെത്തുന്ന രോഗികൾക്ക് എക്സ് റേ, സിടി സ്കാനിങ്, രക്ത പരിശോധന, സർജറി ഉൾപ്പെടെയുള്ള അടിയന്തിര സേവനങ്ങൾ അത്യാഹിത വിഭാഗത്തിൽ ഒറ്റ കുടക്കീഴിൽ ഉറപ്പ് വരുത്തുന്നതാണ് പുതിയ സംവിധാനം. അടിയന്തിര ശസ്ത്രക്രിയക്കായി ഒരു തിയറ്ററുമുണ്ട്. അപകടങ്ങളിൽ തലയ്ക്കു ഗുരുതരമായി പരുക്കേല്ക്കുന്ന രോഗികൾക്കാണ് പുതിയ സൗകര്യങ്ങൾ ഏറെ സഹായകമാകുക. കേന്ദ്ര ആരോഗ്യ മന്ത്രാലയം അനുവദിച്ച 7.04 കോടി രൂപ ഉപയോഗപ്പെടുത്തിയാണ് സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കിയത്.

# ആളിയാറിൽ നിന്നു വെള്ളമില്ല, ഒന്നാംവിള കൃഷി അനിശ്ചിതത്വത്തിൽ

**പാലക്കാട് :** പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്ന് അർഹതപ്പെട്ട ജലം ലഭ്യമാക്കാൻ നടപടി ഇല്ലാത്തതിനാൽ ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തെ 40,000 ഏക്കർ സ്ഥലത്തെ ഒന്നാംവിള കൃഷി അനിശ്ചിതത്വത്തിൽ. പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം ഈ മാസം 15 മുതൽ 30 വരെ ആളിയാറിൽ നിന്നു ചിറ്റൂർപ്പുഴയിലേക്കു 400 ദശലക്ഷം ഘനയടി വെള്ളം ലഭ്യമാക്കണമെന്നിരിക്കെ ജലവിതരണം സ്തംഭിച്ച മട്ടാണ്. നേരിയ നീരൊഴുക്കു മാത്രമേ ഉള്ളൂ. ജൂൺ ആദ്യപകുതിയിൽ 180 ദശലക്ഷം ഘനയടി ജലവും ലഭ്യമാക്കണം. വെള്ളത്തിന്റെ കുറവ് ചിറ്റൂർപ്പുഴയിലെയും ഭാരതപ്പുഴയിലെയും ശുദ്ധജല പദ്ധതികളെയടക്കം ബാധിച്ചു തുടങ്ങിയിട്ടുണ്ട്.



ചിറ്റൂർപ്പുഴയിൽ നീരൊഴുക്ക് ഉറപ്പാക്കിയാൽ മാത്രമേ ഭാരതപ്പുഴയിലും നീരൊഴുക്കു നിലനിർത്താനാകൂ. വേനൽമഴ തീരെയില്ലാത്ത സാഹചര്യത്തിൽ സമയത്തു ഞാറ്റടി തയാറാക്കാനും പാടം ഒരുക്കാനും നടാനും ആളിയാറിൽ നിന്നുള്ള ജലം അത്യാവശ്യമാണ്. പ്രതിസന്ധി രൂക്ഷമായിട്ടും സർക്കാർ ഇടപെടാതെ മാറി നിൽക്കുകയാണ്. തമിഴ്നാട് പറമ്പിക്കുളം ഡാമിൽ നിന്ന് വെള്ളം എത്തിച്ചു തമിഴ്നാട് തിരുമൂർത്തി അണക്കെട്ടു നിറച്ചിട്ടുണ്ട്. പറമ്പിക്കുളം ഡാമിന്റെ മധ്യത്തിലുള്ള ഷട്ടർ തകർന്നതിനാൽ 6 ടിഎംസിയോളം വെള്ളം നഷ്ടപ്പെട്ടിരുന്നു. ഇക്കാരണം പേരുപറഞ്ഞാണു കേരളത്തിന് അർഹമായ വെള്ളം നിഷേധിക്കുന്നത്.

പറമ്പിക്കുളം ഡാമിൽ ഇപ്പോഴും 6.3 ടിഎംസി ജലം ഉണ്ടെന്നാണ് റിപ്പോർട്ട്. ഇതിൽ ഡാമിന്റെ സുരക്ഷയ്ക്കുള്ള കരുതൽ ശേഖരം ഒഴിച്ചു നിർത്തിയാലും 1.3 ടിഎംസി ജലം ഉപയോഗിക്കാനാകും. ആളിയാറിൽ 900 ദശലക്ഷം ഘനയടി ജലം ഉണ്ട്. ഇതിൽ 600എംസിഎഫ്ടി ജലം ഉപയോഗിക്കാനാകും. എന്നാൽ കേരളത്തിൽ നിന്ന് സർക്കാർ തലത്തിൽ ഇടപെടൽ ഉണ്ടായില്ല.

## ദേവസ്വം ബോർഡുകളുടെ പ്രവർത്തനത്തിനായി 100 കോടി മന്ത്രി കെ രാധാകൃഷ്ണൻ

**കോഴിക്കോട്:** ദേവസ്വം ബോർഡുകളുടെ പ്രവർത്തനത്തിനായി ഈ വർഷവും 100 കോടി രൂപ സർക്കാർ വകയിരുത്തിയതായി ദേവസ്വം മന്ത്രി കെ.രാധാകൃഷ്ണൻ. എട്ടു കോടി രൂപ ക്ഷേത്ര ഉത്സവങ്ങൾക്ക് മാത്രമായി നീക്കിവെച്ചിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വം ക്ഷേത്ര ധനസഹായം വിതരണം മൂന്നാം ഘട്ടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ദേവസ്വം ബോർഡുകൾക്കായി കഴിഞ്ഞ 5 വർഷം 458 കോടി രൂപ നൽകിയ സർക്കാരാണിത്. ഗുരുവായൂർ ദേവസ്വം ഒഴിച്ചുള്ള നാല് ദേവസ്വം ബോർഡുകൾക്കും ഈ സഹായം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ബയോഡൈവേഴ്സിറ്റി ദിനത്തിൽ കേരളത്തിലെ കാവുകളെയും കുളങ്ങളെയും സംരക്ഷിക്കാൻ ക്ഷേത്ര ഭാരവാഹികൾ പദ്ധതി സ്വീകരിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു. ഇത് സമൂഹത്തിന് ചെയ്യുന്ന ഏറ്റവും വലിയ സേവനമായിരിക്കുമെന്നും മന്ത്രി പറഞ്ഞു. അഴകൊടി ദേവീക്ഷേത്രം ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഗുരുവായൂർ ദേവസ്വം ചെയർമാൻ ഡോ. വി.കെ. വിജയൻ അധ്യക്ഷത വഹിച്ചു.

കോഴിക്കോട്, കാസർകോട്, കണ്ണൂർ, വയനാട് ജില്ലകളിലെ 255 ക്ഷേത്രങ്ങൾക്കായി 1.64 കോടി രൂപയാണ് ധനസഹായം നൽകിയത്.

ദേവസ്വം അഡ്മിനിസ്ട്രേറ്റർ കെ.പി. വിനയൻ റിപ്പോർട്ട് അവതരിപ്പിച്ചു. ദേവസ്വം ഭരണസമിതി അംഗം ചെങ്ങറ സുരേന്ദ്രൻ, അഴകൊടി ദേവസ്വം ചെയർമാൻ ടി. രാധാകൃഷ്ണൻ, ദേവസ്വം ഭരണസമിതി അംഗം സി. മനോജ്, ഗുരുവായൂർ ദേവസ്വം ഭരണസമിതി അംഗങ്ങളായ കെ.ആർ.ഗോപിനാഥ്, മനോജ് ബി നായർ, വി.ജി.രവീന്ദ്രൻ എന്നിവർ സംസാരിച്ചു.

## നാഷണൽ സർവീസ് സ്കീം വി എച്ച് എസ് ഇ വിഭാഗം അവാർഡുകൾ പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** പൊതുവിദ്യാഭ്യാസ വകുപ്പ് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ നാഷണൽ സർവീസ് സ്കീം പ്രവർത്തന മികവിനുള്ള സംസ്ഥാന ജില്ലാതല പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു.

202223 അധ്യയന വർഷത്തെ പ്രവർത്തന മികവാണ് അവാർഡിന് പരിഗണിച്ചത്. മികച്ച യൂണിറ്റായി കോഴിക്കോട് ജില്ലയിലെ ഗവൺമെൻറ് വി.എച്ച്.എസ്.എസ് ബാലുശ്ശേരി തെരഞ്ഞെടുത്തു. ബാലുശ്ശേരി, ഗവൺമെന്റ് വി.എച്ച്.എസ്.എസിലെ രാജലക്ഷ്മി പി.എം മികച്ച പ്രോഗ്രാം ഓഫീസറായി. മികച്ച വോളണ്ടിയർമാരായി മലപ്പുറം ഗവൺമെന്റ് എച്ച്.എസ്.എസ് ഫോർ ഗേൾസ് ബി.പി അങ്ങാടിയിലെ കമലം കെ.കെയും ഇടുക്കി, കുമിളി ഗവൺമെന്റ് വി.എച്ച്.എസ്.എസിലെ ഡോണ പുന്നൂസും അവാർഡിനർഹരായി.

മെയ് 27നു വൈകിട്ട് 3.30ന് തിരുവനന്തപുരം ശിക്ഷക്സദൻ ഹാളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പുരസ്കാരങ്ങൾ വിതരണം ചെയ്യും.

### വാക്ക് ഇൻ ഇന്റർവ്യൂ

**തൃശ്ശൂർ:** വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ കേരള മഹിള സമഖ്യ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ഹോമിലേയ്ക്ക് ഫീൽഡ് വർക്കർ കം കേസ് വർക്കർ, കുക്ക് എന്നീ തസ്തികകളിലേയ്ക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. നിർദ്ദിഷ്ട യോഗ്യതയുള്ള സ്ത്രീ ഉദ്യോഗാർത്ഥികൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മേയ് 27 ന് തൃശ്ശൂർ രാമവർമ്മപുരം വിമൻ ആൻഡ് ചിൽഡ്രൻസ് ഹോമിൽ എത്തിച്ചേരേണ്ടതാണ്.

### ഫീൽഡ് വർക്കർ കം കേസ് വർക്കർ

യോഗ്യത: MSW/PG in (sPychology/Sociology). 25 വയസ്സ് പൂർത്തിയാകണം. 30 45 പ്രായപരിധിയിലുള്ളവർക്ക് മുൻഗണന നൽകുന്നതാണ്. പ്രതിമാസം 16000 രൂപ വേതനം.

### കുക്ക്

അഞ്ചാം ക്ലാസ്സ് പാസാകണം. പ്രായം 25 വയസ് പൂർത്തിയാകണം. 30 45 പ്രായപരിധിയിലുള്ളവർക്ക് മുൻഗണന നൽകുന്നതാണ്. പ്രതിമാസം 12000 രൂപ വേതനം.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം : സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ, തിരുവനന്തപുരം, ഫോൺ: 0471 2348666, ഇമെയിൽ: keralasamakhya@gmail.com, വെബ്സൈറ്റ്: www.keralasamakhya.org.

### അധ്യാപക ഒഴിവുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിലവിലുള്ള അധ്യാപക ഒഴിവുകൾ സ്ഥലം മാറ്റം മുഖേന നികത്തുന്നതിനായി സർക്കാർ സ്കൂളുകളിൽ ജോലി നോക്കുന്ന താൽപ്പര്യമുള്ള അധ്യാപകർക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ വച്ച് മേയ് 24 ബുധനാഴ്ച കൂടിക്കാഴ്ച നടത്തുന്നു. കൂടിക്കാഴ്ചയിൽ പങ്കെടുക്കാൻ താൽപ്പര്യപ്പെടുന്ന അധ്യാപകർ അന്നേ ദിവസം രാവിലെ 8 മണിക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ എത്തിച്ചേരേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട സർക്കുലറും വിശദവിവരങ്ങളും, അപേക്ഷാഫോറവും, പുതുക്കിയ വേക്കൻസി റിപ്പോർട്ടും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.education.kerala.gov.in) ലഭ്യമാക്കിയിട്ടുണ്ട്.

### ക്വട്ടേഷൻ ക്ഷണിച്ചു

മൈനിങ് ആൻഡ് ജിയോളജി വകുപ്പ് ആസ്ഥാന കാര്യാലയത്തിലേക്ക് ഒരു വർഷ കാലയളവിലേക്കുള്ള ഉപയോഗത്തിലേക്കായി വാഹനങ്ങൾ വാടകയ്ക്ക് ഉപയോഗിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി മൈനിങ് ആൻഡ് ജിയോളജി വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ ബന്ധപ്പെടുകയോ ഔദ്യോഗിക വെബ്സൈറ്റ് (https://dmg.kerala.gov.in) സന്ദർശിക്കുകയോ ചെയ്യുക.

# പറമ്പിക്കുളം: ഷട്ടറുകൾ മാറ്റാൻ എട്ടുകോടി രൂപ



**മുതലമട:** പറമ്പിക്കുളത്തെ തൂണക്കടവ് അണക്കെട്ടിന്റെ 3 ഷട്ടറുകളും പറമ്പിക്കുളം ടണൽ എൻട്രിയുടെ സർവീസ് ഷട്ടറുകളും മാറ്റാൻ 8 കോടി രൂപയുടെ പദ്ധതി. തൂണക്കടവ്, പെരുവാരിപ്പള്ളം അണക്കെട്ടുകളുടെ ജലനിരപ്പ് താഴ്ന്നതോടെ തൂണക്കടവിലെ 3 ഷട്ടറുകളും മാറ്റി പുതിയതു സ്ഥാപിക്കാനുള്ള പ്രവൃത്തികൾ തമിഴ്നാട് ജലസേചന വകുപ്പ് ആരംഭിച്ചു.

പഴയ ഷട്ടറുകൾ മാറ്റുന്നതിനു മുന്നോടിയായുള്ള പണികളാണ് ഇന്നലെ ആരംഭിച്ചിരിക്കുന്നത്. ഷട്ടറുകളുടെ അറ്റകുറ്റപ്പണിക്കു മുന്നോടിയായി ജലക്രമീകരണം നടത്തുന്നതിനു തൂണക്കടവ് അണക്കെട്ടിന്റെ സ്പിൽവേ ഷട്ടർ പുഴയിലേക്കു തുറന്നിരുന്നു. 8 ദിവസം കൊണ്ട് അരടിഎംഎസിയോളം വെള്ളമാണു കുരിയാർകുറ്റി പുഴ വഴി പെരിങ്ങൽകുത്ത് അണക്കെട്ടിലേക്ക് ഒഴുകിയത്. പറമ്പിക്കുളം അണക്കെട്ടിന്റെ നടുവിലെ ഷട്ടർ തകർന്നതിനെ തുടർന്നു 6 ടിഎംസി വെള്ളം പുഴയിലൂടെ പാഴായ സാഹചര്യത്തിലാണു തൂണക്കടവ് അണക്കെട്ടിലെ മൂന്നു ഷട്ടറുകളും മാറ്റാൻ തമിഴ്നാട് ജലസേചന വകുപ്പ് തീരുമാനിക്കുന്നത്.

തൂണക്കടവ് അണക്കെട്ടിലെ മൂന്നു ഷട്ടറുകൾ മാറ്റി പുതിയതു സ്ഥാപിക്കുന്നതിനു 7 കോടി രൂപയും പറമ്പിക്കുളം ടണൽ എൻട്രിയിലേക്കുള്ള സർവീസ് ഷട്ടറുകൾ മാറ്റുന്നതിനു 1 കോടി രൂപയുമാണു തമിഴ്നാട് സർക്കാർ വകയിരുത്തിയിരിക്കുന്നത്. മഴക്കാലം ആരംഭിക്കുന്നതിനു മുൻപായി ഈ പണി പൂർത്തീകരിക്കും. 1770 അടി സംഭരണ ശേഷിയുള്ള തൂണക്കടവ്, പെരുവാരിപ്പള്ളം അണക്കെട്ടുകളിലെ ഇന്നലെ രാവിലത്തെ ജലനിരപ്പ് 1745.16 അടിയാണ്. 20 ക്യുസെക്സ് വെള്ളം പുഴയിലേക്ക് ഒഴുകുന്നുണ്ട്. അതേ സമയം പറമ്പിക്കുളം അണക്കെട്ടിന്റെ 2 ഷട്ടറുകൾ നവീകരിക്കാൻ തമിഴ്നാട് ജലസേചന വകുപ്പ് 2.3 കോടി രൂപയുടെ പദ്ധതി തയാറാക്കി. പറമ്പിക്കുളം അണക്കെട്ടിലെ 1, 3 ഷട്ടറുകളിൽ ഷട്ടർ ഉയർത്തുന്നതിന് ഉപയോഗിക്കുന്ന ചങ്ങല, അതു പ്രവർത്തിക്കുന്നതിനുള്ള ചക്രം, ഷട്ടർ പെട്ടെന്നു താഴോട്ട് ഇറങ്ങുന്നതു നിയന്ത്രിക്കുന്നതിനുള്ള ഇലക്ട്രോ മാഗ്നറ്റിക് സ്റ്റോപ്പർ, ഷട്ടർ താഴോട്ട് ഇറങ്ങുന്നതു കൃത്യമായി നിരീക്ഷിക്കുന്നതിനു സഹായിക്കുന്ന ഡയൽ ഗേജ് എന്നിവയാണു പുതിയതായി സ്ഥാപിക്കുന്നത്.

ഇതിനുള്ള എസ്റ്റിമേറ്റ് തയാറാക്കി ധനവകുപ്പിലേക്കു നൽകിയിട്ടുണ്ട്. ഷോർട് ടേം ടെൻഡർ നടത്തി നവീകരണ പ്രവൃത്തികൾ ആരംഭിക്കുമെന്നു തമിഴ്നാട് ജലസേചന വകുപ്പ് അധികൃതർ പറഞ്ഞു. പറമ്പിക്കുളത്തെ നടുവിലെ ഷട്ടർ തകർന്നതിനെ തുടർന്നു മാറ്റി 7 കോടിയോളം രൂപ ചെലവിട്ടു പുതിയതു സ്ഥാപിച്ചിരുന്നു. ഇതൊഴികെയുള്ള ഷട്ടറുകളാണ് നിലവിൽ നവീകരിക്കുന്നത്.ഈ രണ്ടു ഷട്ടറുകളും മാറ്റി സ്ഥാപിക്കാൻ 20 കോടിയോളം രൂപ വേണ്ടി വരുമെന്നതിനാലാണു താൽക്കാലികമായി ഷട്ടർ ബലപ്പെടുത്തി ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുന്നത്.

# ആശുപത്രി അക്രമത്തിന് കടുത്ത ശിക്ഷ: ഓർഡിനൻസിന് അംഗീകാരം





**തിരുവനന്തപുരം:** ആരോഗ്യപ്രവർത്തകരെയും ആശുപത്രികളെയും സംരക്ഷിക്കുന്നതിനുള്ള 2012 ലെ കേരള ആരോഗ്യ രക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

അക്രമപ്രവർത്തനം ചെയ്യുകയോ ചെയ്യാൻ ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ പ്രചോദനം നൽകുകയോ ചെയ്താൽ 6 മാസത്തിൽ കുറയാതെ 5 വർഷം വരെ തടവ് ശിക്ഷയും 50,000 രൂപയിൽ കുറയാതെ 2 ലക്ഷം രൂപ വരെ പിഴ ശിക്ഷയും ലഭിക്കും. ആരോഗ്യ രക്ഷാ സേവന പ്രവർത്തകനെ കഠിന മായ ദേഹോപദ്രവത്തിന് വിധേയനാക്കുകയാണെങ്കിൽ 1 വർഷത്തിൽ കുറയാതെ 7 വർഷം വരെ തടവ് ശിക്ഷയും 1 ലക്ഷം രൂപയിൽ കുറയാതെ 5 ലക്ഷം രൂപ വരെ പിഴയും ലഭിക്കും. പുതുക്കിയ ഓർഡിനൻസിൽ പാരാമെഡിക്കൽ വിദ്യാർത്ഥികളും ഉൾപ്പെടും. നിലവിലുള്ള നിയമത്തിൽ ആരോഗ്യ രക്ഷാ സേവന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന രജിസ്റ്റർ ചെയ്ത (താൽക്കാലിക രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള) മെഡിക്കൽ പ്രാക്ടീഷണർമാർ, രജിസ്റ്റർ ചെയ്ത നേഴ്സുമാർ, മെഡിക്കൽ വിദ്യാർഥികൾ, നഴ്സിങ് വിദ്യാർഥികൾ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരാണ് ഉൾപ്പെട്ടിരുന്നത്.

ആരോഗ്യ രക്ഷാ സ്ഥാപനങ്ങളിലെ പാരാമെഡിക്കൽ ജീവനക്കാർ, സെക്യൂരിറ്റി ഗാർഡുകൾ, മാനേജീരിയൽ സ്റ്റാഫുകൾ, ആംബുലൻസ് ഡ്രൈവർമാർ, ഹെൽപ്പർമാർ എന്നിവരും കാലാകാലങ്ങളിൽ സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന ആരോഗ്യ പ്രവർത്തകരും ഇതിന്റെ ഭാഗമാകും.

ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പൊലീസ് ഓഫീസർ അന്വേഷിക്കും. കേസന്വേഷണം പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യുന്ന തീയതി മുതൽ 60 ദിവസത്തിനകം പൂർത്തീകരിക്കും. വിചാരണ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കും. സത്വര വിചാരണയ്ക്ക് ഓരോ ജില്ലയിലും ഒരു കോടതിയെ സ്പെഷ്യൽ കോടതിയായി നിയോഗിക്കും.

# നിർമാണ മേഖലയിൽ നിയമനിർമ്മാണം പരിഗണിക്കും: മന്ത്രി എം ബി രാജേഷ്



**തിരുവനന്തപുരം:** നിർമാണ മേഖലയുടെ സാധ്യതയും വരുമാനവും അടിസ്ഥാനമാക്കി നിയമ നിർമാണവും ഭേദഗതികളും വരുത്തുമെന്ന് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. റിയൽ എസ്റ്റേറ്റ് റഗുലേറ്ററിയുടെ നവീകരിച്ച വെബ്സൈറ്റ് ഉദ്ഘാടനം ചെയ്യുകായായിരുന്നു അദ്ദേഹം.ഉപഭോക്താക്കൾക്കും ഡവലപ്പേഴ്സിനും ഒരു പോലെ പ്രയോജനം ചെയ്യുന്ന രീതിയിലുള്ള വെബ് സൈറ്റാണ് കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി തയ്യാറാക്കിയിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. അബദ്ധങ്ങളില്ലാതെ ശരിയായ റിയൽ എസ്റ്റേറ്റ് അവസരങ്ങൾ തെരഞ്ഞെടുക്കാൻ ഉപഭോക്താക്കൾക്ക് ഇതിലൂടെ സാധിക്കും. പ്രമോട്ടേഴ്സിന് മികച്ച വാണിജ്യ അവസരമായും വെബ്സൈറ്റ് മാറും. സുതാര്യത, ഉത്തരവാദിത്തം, വിശ്വാസ്യത എന്നിവ റിയൽ എസ്റ്റേറ്റ് മേഖലയിൽ നിലനിർത്തുന്നതിനുള്ള പരിശ്രമമാണ് ഗവൺമെന്റ് നടത്തുന്നതെന്നും മന്ത്രി പറഞ്ഞു. കേരളത്തിൽ റിയൽ എസ്റ്റേറ്റ് പ്രൊജക്ടുകൾ വഴി അപാർട്ട്മെന്റോ പ്ളോട്ടോ കൊമേഴ്സ്യൽ സ്പേസോ സ്വന്തമാക്കാനാഗ്രഹിക്കുന്നവർക്ക് വേണ്ടിയാണ് കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി https://rera.kerala.gov.in എന്ന പുതിയ വെബ്സൈറ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഭൂവിവര വ്യവസ്ഥ (GIS) യടക്കമുള്ള നൂതന സാങ്കേതികവിദ്യ ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. .കേരളത്തിലെ ഏതു ജില്ലയിലുമുള്ള പുതിയ അപ്പാർട്ട്മെന്റുകൾ, പ്ലോട്ടുകൾ, വില്ലകൾ, കൊമേഴ്സ്യൽ സ്പേസ് എന്നിവ തിരഞ്ഞ് കണ്ടു പിടിക്കാൻ ഉതകുന്ന 'പ്രോപ്പർട്ടി എക്സ്പ്ലൊറേഷൻ ടൂൾ' ഉൾപ്പെടുത്തിയിട്ടുണ്ട്. സുതാര്യത, ഉത്തരവാദിത്തം എന്നിവ വർധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടൊപ്പം ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുക എന്ന കാര്യവും മുന്നിൽ കണ്ടു കൊണ്ടാണ് ഈ വെബ്സൈറ്റും അതിലൂടെ ആക്സസ് ചെയ്യാവുന്ന വെബ് പോർട്ടലും വികസിപ്പിച്ചിട്ടുള്ളത്.

# കേരളത്തിൽ മൂന്ന് ഡിജിറ്റൽ സയൻസ് പാർക്കുകൾ ഉടൻ : മന്ത്രി ഡോ. ആർ. ബിന്ദു



**തിരുവനന്തപുരം:**കേരളത്തിൽ മൂന്ന് ഡിജിറ്റൽ സയൻസ് പാർക്കുകൾ ഉടൻ ആരംഭിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു. ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ ചാലക്കുടി, കോട്ടയം, പരപ്പനങ്ങാടി എന്നിവിടങ്ങളിലാണ് കേന്ദ്രം സ്ഥാപിക്കുക. ചാലക്കുടിയിലെ കേന്ദ്രം ഉടൻ തുറക്കുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ ആരംഭിച്ച നൂതന സംവിധാനങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ പരിഷ്കരിച്ച വെബ്സൈറ്റ്, ഓൺലൈൻ ടിക്കറ്റ് ബുക്കിങ് സൗകര്യം, ഇലക്ട്രോണിക്സ് ഗ്യാലറി, ഓട്ടോമൊബൈൽ സിമുലേഷൻ ഗ്യാലറി, ഭൂഗോളത്തിന്റെ മാതൃക, വിർചൽ റിയാലിറ്റി സ്റ്റുഡിയോ എന്നിവയുടെ ഉദ്ഘാടനവും ചടങ്ങിൽ മന്ത്രി നിർവഹിച്ചു.സമൂഹത്തെ മുന്നോട്ടു നയിക്കുന്നതിൽ ശാസ്ത്ര അവബോധം അത്യന്താപേക്ഷിതമാണെന്നും ശാസ്ത്ര ചിന്തയും ആധുനിക കാഴ്ചപ്പാടുകളും ഉയർത്തിപ്പിടിക്കുകയെന്നതു പ്രധാനമാണെന്നും മന്ത്രി ഓർമപ്പെടുത്തി. കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത് അറിവാണ്. ശാസ്ത്രീയ അറിവുകൾ സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഉപയോഗിക്കാൻ കുട്ടികൾക്ക് കഴിയണം. വിർചൽ റിയാലിറ്റിയും ഓഗ്മെന്റഡ് റിയാലിറ്റിയും ജീവിതത്തിലെ എല്ലാ മേഖലകളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആ നിലയിൽ ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ഏറ്റവും പുതിയ നേട്ടങ്ങളെ പോലും സ്വാംശീകരിക്കാനും തിരിച്ചറിയാനും കുട്ടികൾക്ക് അവസരം ഒരുക്കുക എന്നതാണ് അവരുടെ ഭാവിക്കും സമൂഹത്തിന്റെ ഭാവിക്കും പ്രധാനമെന്നും മന്ത്രി പറഞ്ഞു.ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ സ്ഥാപിച്ചിട്ടുള്ള പുതിയ സജ്ജീകരണങ്ങൾ കുട്ടികളിലെ ശാസ്ത്ര അഭിരുചി വളർത്തും. പ്രകൃതിയെയും സമൂഹത്തെയും തിരിച്ചറിഞ്ഞ് പുത്തൻ സാങ്കേതികവിദ്യയുടെ നേട്ടങ്ങൾ മനസിലാക്കി അവയെ സ്വാംശീകരിച്ച് സമൂഹത്തിന് നൽകാൻ കെൽപ്പുള്ള കുട്ടികളെ വാർത്തെടുക്കാൻ ശ്രമിക്കുക എന്നതാണ് നവ വൈജ്ഞാനിക സമൂഹം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു.വി.കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷത വഹിച്ചു.

# കരപ്പുറം കാർഷിക കാഴ്ചകൾ മെയ് 19 മുതൽ

**ആലപ്പുഴ:** സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കാർഷിക പ്രദർശന വിപണന മേള 'കരപ്പുറം' കാർഷിക കാഴ്ചകൾ മെയ് 19 മുതൽ 28 വരെ ചേർത്തല സെന്റ് മൈക്കിൾസ് കോളേജിൽ നടക്കും. കാർഷിക പ്രദർശനം, സെമിനാർ, ബി ടു ബി മീറ്റ്, ഡി.പി.ആർ. ക്ലിനിക്, കൃഷിയിട സന്ദർശനം, കലാ സാംസ്കാരിക സന്ധ്യകൾ, കലാമത്സരങ്ങൾ എന്നിവ സംഘടിപ്പിക്കും.മെയ് 19ന് വൈകിട്ട് നാലിന് മായിത്തറയ്ക്ക് സമീപത്ത് നിന്നും കാർഷിക ഘോഷയാത്രയോടെ കരപ്പുറം കാഴ്ചയ്ക്ക് തുടക്കമാവും. 4.30 ന് സെന്റ് മൈക്കിൾസ് കോളേജിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദിന്റെ അധ്യക്ഷതയിൽ ചേരുന്ന ചടങ്ങിൽ പട്ടികജാതി വികസന വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ കാർഷിക കാഴ്ചകൾ ഉദ്ഘാടനം ചെയ്യും. എ.എം.ആരിഫ് എം.പി, എം.എൽ.എമാരായ പി.പി.ചിത്തരഞ്ജൻ, ദലീമ ജോജോ, മുതിർന്ന കർഷകൻ ശേഖരൻ മറ്റപറമ്പിൽ തുടങ്ങിയവർ മുഖ്യാതിഥികളാകും. വൈകിട്ട് ഏഴ് മണി മുതൽ രാജേഷ് ചേർത്തലയുടെ പുല്ലാങ്കുഴൽ ഫ്യൂഷൻ പരിപാടി നടക്കും. മെയ് 27 വരെ എല്ലാ ദിവസവും പ്രധാനവേദിയിൽ വിവിധ വിഷയങ്ങളിൽ കാർഷിക സെമിനാറുകളും വൈകിട്ട് കലാപരിപാടികളും നടക്കും.20 ന് രാവിലെ ഒമ്പതിന് സെന്റ് മൈക്കിൾസ് കോളേജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ബി2ബി മീറ്റ് എ.എം. ആരിഫ് എം.പി. ഉദ്ഘാടനം ചെയ്യും. 24 ന് രാവിലെ ഒമ്പതിന് നടക്കുന്ന ഡി.പി.ആർ ക്ലിനിക് ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാജേശ്വരി ഉദ്ഘാടനം ചെയ്യും. മെയ് 28 ന് വൈകിട്ട് നാലിന് സമാപന സമ്മേളനം കൃഷിമന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും. ഉപന്യാസ രചന, പെയിന്റിംഗ്, പെൻസിൽ ഡ്രോയിംഗ്, നാടൻ പാട്ട്, കവിത, കഥ രചന, വെജിറ്റബിൾ കാർവിംഗ്, കൃഷിപ്പാട്ട് തുടങ്ങിയ മത്സരങ്ങളും പരിപാടിയോടനുബന്ധിച്ച് നടക്കും.

# കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവം : ക്വിസ് മത്സര വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു



**കൊച്ചി:** 2022 ഡിസംബർ 10 മുതൽ 19 വരെ എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടന്ന 25മത് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായി നടത്തിയ ക്വിസ് മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ കീഴിലുള്ള ഡയറക്ടറേറ്റ് ഓഫ് സെൻസസ് ഓപ്പറേഷൻസ് കേരളആണ് ക്വിസ് മത്സരംനടത്തിയത്. വിജയികൾക്ക് ജില്ലാ കളക്ടർ എൻ. എസ്. കെ. ഉമേഷ് സമ്മാനം വിതരണം ചെയ്തു'സ്റ്റാൾ സന്ദർശിക്കൂ സമ്മാനം നേടൂ ' എന്ന പേരിൽ സംഘടിപ്പിച്ച മത്സരത്തിൽ സെൻസെസ് വകുപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. വിജയികളിൽ നിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെട്ട രവി വർമ്മ, എ. ജെ. ജോൺ വിയാനി, ജി. സന്തോഷ്, കെ. എക്സ്. ജോസ് ഡിക്സൺ, ആർ.വി. വിഷ്ണു എന്നിവർക്കാണ് സമ്മാനം ലഭിച്ചത്. കളക്ടറുടെ ചേംബറിൽ നടന്ന ചടങ്ങിൽ സെൻസസ് ഡയറക്ടറേറ്റിനെ പ്രതിനിധീകരിച്ച് അസിസ്റ്റന്റ് ഡയറക്ടർ സി. രാജകുമാർ പങ്കെടുത്തു.

# പ്രായപൂർത്തിയായ എല്ലാവരും ആധാർ പുതുക്കണം




**കൊച്ചി:** ജില്ലയിൽ 18 വയസ്സ് പൂർത്തിയായ എല്ലാവരും ആധാർ കാർഡ് പുതുക്കണമെന്ന സന്ദേശവുമായിആരംഭിച്ച യു.ഐ.ഡി ഡോക്യുമെന്റ് അപ്ഡേറ്റ് വാൻ ക്യാമ്പയിൻ ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് ഫ്ലാഗ് ഓഫ് ചെയ്തു. കാക്കനാട് സിവിൽ സ്റ്റേഷനിൽ നി ന്നാരംഭിച്ച വാഹന പ്രചാരണം ജില്ലയിൽ 30 ദിവസം നീണ്ടുനിൽക്കും.യു.ഐ.ഡി ഹെഡ് കോർട്ടേഴ്സിന്റെ നിർദേശപ്രകാരം ഗ്ലോബൽ ഏജൻസി ടീം ആണ് ക്യാമ്പയിന് നേതൃത്വം നൽകുന്നത്. കാക്കനാട്, കോതമംഗലം, പെരുമ്പാവൂർ, മൂവാറ്റുപുഴ, തൃപ്പൂണിത്തുറ, ഏലൂർ എന്നീ മേഖലകളിൽ വാഹനപ്രചാരണം നടക്കും. അഡിഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ജില്ലാ പ്രോജക്ട് മാനേജർ ചിഞ്ചു സുനിൽ, അക്ഷയ കോഓഡിനേറ്റർ സി.പി ജിൻസി, അസിസ്റ്റന്റ് പ്രൊജക്റ്റ് കോഓഡിനേറ്റർ, യു.ഐ.ഡി അഡ്മിൻ എൻ.ആർ പ്രേമ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.ആധാർ പുതുക്കുന്നതിനായി ആധാർ കാർഡ്, പേര്, മേൽവിലാസം തുടങ്ങിയവ തെളിയിക്കുന്ന രേഖകളുമായി ആധാർ സേവന കേന്ദ്രം സന്ദർശിക്കേണ്ടതാണ്. ഇലക്ഷൻ ഐഡി, റേഷൻ കാർഡ് (ഉടമസ്ഥന് മാത്രം), ഡ്രൈവിങ് ലൈസൻസ്, പാൻ കാർഡ്, സർവീസ് / പെൻഷണർ ഫോട്ടോ ഐഡി കാർഡ്, ഭിന്നശേഷി ഐഡി കാർഡ്, ട്രാൻസ്ജെൻഡർ ഐഡി കാർഡ്, പാസ്പോർട്ട് എന്നിവയാണ് പേര് തെളിയിക്കുന്ന രേഖയായി പരിഗണിക്കുന്നത്. പാസ്പോർട്ട്, ഇലക്ഷൻ ഐഡി, റേഷൻ കാർഡ്, കിസാൻ ഫോട്ടോ പാസ് ബുക്ക്, ഭിന്നശേഷി ഐഡി കാർഡ്, സർവീസ് ഫോട്ടോ ഐഡി കാർഡ്, വിവാഹ സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്ക്, ട്രാൻസ്ജൻഡർ ഐഡി കാർഡ്, ഇലക്ട്രിസിറ്റി / ഗ്യാസ് കണക്ഷൻ / വാട്ടർ/ ടെലഫോൺ /കെട്ടിട നികുതി ബില്ലുകൾ, രജിസ്റ്റേർഡ് സെയിൽ എഗ്രിമെന്റ് എന്നിവ മേൽവിലാസം തെളിയിക്കുന്ന രേഖയായും പരിഗണിക്കും. കൂടുതൽ വിവരങ്ങൾക്ക് 04842422693 എന്ന നമ്പറിൽ ബന്ധപ്പെടുക.

# എറണാകുളം സർക്കാർ മെഡിക്കൽ കോളജിൽ സുരക്ഷാ സജ്ജീകരണം ;സുരക്ഷാ ഓഡിറ്റിംഗ് നടത്തി



**കൊച്ചി:** എറണാകുളം,കളമശ്ശേരി സർക്കാർ മെഡിക്കൽ കോളജിലെ അത്യാഹിത വിഭാഗത്തിൽ ചൊവ്വാഴ്ച ഹൗസ് സർജന് നേരെ നടന്ന കയ്യേറ്റ ശ്രമത്തിനെ തുടർന്ന് ആരോഗ്യ പ്രവർത്തകർക്ക് വേണ്ടിയുള്ള സുരക്ഷാ മുൻകരുതലുകൾ ഉറപ്പാക്കുന്നതിനു വേണ്ടി മെഡിക്കൽ സൂപ്രണ്ട് ഡോ. ഗണേഷ് മോഹന്റെ നേതൃത്വത്തിൽ ഡി വൈ എസ് പി പി.വി. ബേബിയുടെയും ആശുപത്രി വിവിധ വകുപ്പ് മേധാവികളുടെയും അടിയന്തര യോഗം വിളിച്ചു ചേർത്തു.ആരോഗ്യ പ്രവർത്തകർക്ക് സുരക്ഷ ഉറപ്പാക്കുന്നതിനു വേണ്ടി എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ നടപ്പിലാക്കുന്ന മുൻകരുതലുകൾ ഇവയാണ്.എമർജൻസി ഘട്ടത്തിൽ ഉപയോഗിക്കുന്നതിനു വേണ്ടിയുള്ള അലാറം അത്യാഹിത വിഭാഗത്തിലും, മൈനർ ഓപ്പറേഷൻ തീയേറ്ററിലും സ്ഥാപിക്കുവാൻ തീരുമാനിച്ചു.അത്യാഹിത വിഭാഗത്തിൽ സെക്യൂരിറ്റി ജീവനക്കാരുടെ എണ്ണം വർധിപ്പിക്കുന്നതിനും സെക്യൂരിറ്റി ഗാർഡിന് അടിയന്തര സാഹചര്യത്തിൽ ധരിക്കുന്നതിനുവേണ്ടി ഹെൽമെറ്റ്, ഷീൽഡ് എന്നിവ നൽകുന്നതിനും തീരുമാനിച്ചു.അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികൾ ലഹരി ഉപയോഗിചച്ചിട്ടുള്ളതായി സംശയം തോന്നിയാൽ രോഗികളെ സെക്യൂരിറ്റി ജീവനക്കാർക്ക് ഫ്രിസ്ക് ചെയ്യാവുന്നതാണ്.എയ്ഡ് പോസ്റ്റിൽ ഉള്ള പോലീസിന്റെ എണ്ണത്തിൽ വർധന വരുത്തുവാനും പൊതു അവധി ദിനങ്ങളിലും, ശനി ഞായർ ദിവസങ്ങളിലും പ്രത്യേക പോലീസ് മുൻകരുതൽ മെഡിക്കൽ കോളേജിൽ നൽകണമെന്നും ഡി വൈ എസ് പി യോട് മെഡിക്കൽ സൂപ്രണ്ട് ആവശ്യപ്പെട്ടു.പോലീസ് കൊണ്ടുവരുന്ന രോഗികളെയും കൂട്ടിരിപ്പുകാർ ഇല്ലാതെ എത്തുന്ന രോഗികളെയും പോലീസിന്റെയോ സെക്യൂരിറ്റി ജീവനക്കാരുടെയോ സാനിധ്യത്തിലെ പരിശോധനക്ക് വിധേയമാകുകയുള്ളു എന്ന് തീരുമാനിച്ചു.അക്രമ സ്വഭാവമുള്ള രോഗികളെ മാനസീക രോഗികളുടെ വിഭാഗത്തിൽ പ്രവേശിപ്പിക്കുന്നതിന് 5 കിടക്കകൾ പ്രത്യേകം സജ്ജീകരിച്ച മുറി തയ്യാറാകുന്നതിനും തീരുമാനിച്ചു.എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ രോഗി പരിചരണ പ്രവർത്തനങ്ങൾ സുഖമമായി നടക്കാൻ വേണ്ടുന്ന സഹായ സഹകരണം എല്ലാ വിഭാഗം ജനങ്ങളിൽ നിന്നുമുണ്ടാകണമെന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ. ഗണേഷ് മോഹൻ അഭ്യർത്ഥിച്ചു.

# കലൂർ–കടവന്ത്ര റോഡ് നവീകരണം; നിർമ്മാണ ഉദ്ഘാടനം നാളെ

**കൊച്ചി:** കൊച്ചി നഗരത്തിലെ പ്രധാന റോഡുകളിലൊന്നായ കലൂർ-കടവന്ത്ര റോഡിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നാളെ രാവിലെ 9.30 ന് തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ് കലൂർ മെട്രോ സ്റ്റേഷന്റെ പാർക്കിംഗ് ഏരിയയിൽ നടക്കുന്ന ചടങ്ങിൽ നിർവഹിക്കും. ടി ജെ വിനോദ് എംഎൽഎ അധ്യക്ഷനാകുന്ന ചടങ്ങിൽ ഹൈബി ഈഡൻ എം.പി, കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം അനിൽകുമാർ എന്നിവർ മുഖ്യാഥിതികളാകും. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. ലോക്നാഥ് ബെഹ്റ പദ്ധതി അവതരണവും ജിസിഡിഎ ചെയർമാൻ ശ്രീ. കെ ചന്ദ്രൻ പിള്ള മുഖ്യപ്രഭാഷണവും നടത്തും. നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് സംരംഭങ്ങളുടെ ഭാഗമായാണ് കൊച്ചി മെട്രോ ഈ പ്രൊജക്റ്റ് ഏറ്റെടുത്തിരിക്കുന്നത്. കലൂർ, കടവന്ത്ര സ്റ്റേഷനുകളെ തമ്മിലും ഈ റോഡ് ബന്ധിപ്പിക്കുമെന്നതിനാൽ മെട്രോ യാത്രക്കാർക്കും റോഡ് നവീകരണം ഗുണപ്രദമാകും. റോഡിന് ഇരുവശമുള്ള സ്ഥലങ്ങളും മീഡിയനുകളും നവീകരിക്കുക കൊച്ചി മെട്രോയാണ്. 3.2 കിലോമീറ്റർ റോഡ് നവീകരണം ജിസിഡിഎ നിർവ്വഹിക്കും. പതിനെട്ട് കോടി രൂപയാണ് നോൺ മോട്ടോറൈസ്ഡ് ട്രാൻസ്പോർട്ട് സംരംഭങ്ങളുടെ ഭാഗമായി ഈ പദ്ധതിക്ക് കൊച്ചി മെട്രോ ചിലവ് കണക്കാക്കുന്നത്. റോഡ് നവീകരണങ്ങൾക്ക് 10 കോടി രൂപ ജിസിഡിഎ ചിലവാക്കും. നിലവിൽ ഈ മേഖലയിൽ ആവശ്യമായ ഫുട്ട്പാത്തുകളില്ല. ഓടകൾ മൂടിയിരിക്കുന്ന സ്ലാബുകളിൽ പലതും അപകടാവസ്ഥയിലാണ്. ഇതെല്ലാം മുൻനിർത്തി കാൽനടയാത്രക്കാർക്ക് ആവശ്യമായ സുരക്ഷക്രമീകരണങ്ങൾ ഉൾപ്പെടുത്തിയാകും നവീകരണം. 2 മുതൽ 2.5 മീറ്റർ വീതിയിൽ ഫുട്ട്പാത്ത് നിർമ്മിക്കും. സ്ത്രീ സൌഹൃദ മേഖലയാക്കുന്നതിന്റെ ഭാഗമായി ആവശ്യത്തിന് വഴിവിളക്കുകൾ സ്ഥാപിക്കും. സീറ്റുകളും മാലിന്യം നിക്ഷേപിക്കുന്നതിന് ബിന്നുകളും സ്ഥാപിക്കും. മഴക്കാല മുന്നൊരുക്കങ്ങൾ സുഗമമാക്കാൻ ആവശ്യമായ നടപടികൾ നിർമ്മാണ ഘട്ടത്തിൽ സ്വീകരിക്കും. നിലവിലുള്ള മരങ്ങൾ സംരക്ഷിക്കുകയും ആവശ്യമെങ്കിൽ പുതിയ മരങ്ങൾ വച്ചു പിടിപ്പിക്കുകയും ചെയ്യും. ഒരു വർഷത്തിനകം നവീകരണപ്രവർത്തനങ്ങൾ പൂർത്തിയാക്കാനാണ് കൊച്ചി മെട്രോ ലക്ഷ്യമിടുന്നതെന്ന് അധികൃതർ വ്യക്തമാക്കി.

# മാലിന്യം തള്ളൽ; പോലീസും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്ത നിരീക്ഷണ പദ്ധതി നടപ്പാക്കും

**കൊച്ചി:** പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തുന്നതിനായി പോലീസും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്ത നിരീക്ഷണ പദ്ധതി നടപ്പാക്കും. മാലിന്യം തള്ളുന്നവരെ നിരീക്ഷിക്കാൻ സിസിടിവി ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസിന്റെ നേതൃത്വത്തിൽ ഓൺലൈൻ യോഗം ചേർന്നു.ടഒരു കുറ്റകൃത്യം തടയുക അല്ലെങ്കിൽ ഒരു നിയമവിരുദ്ധ പ്രവർത്തനം തടയുക' എന്ന ലക്ഷ്യം മുൻനിർത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ഉടൻ നടപ്പാക്കണം. പോലീസ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, കെ.എസ്.ഇ.ബി, കേബിൾ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ എന്നിവർ പദ്ധതി നടപ്പിലാക്കാൻ സഹകരിക്കണമെന്നും പോലീസിന്റെ സഹായത്തോടെ വളരെ കുറഞ്ഞ ചെലവിൽ കൂടുതൽ സിസിടിവി ക്യാമറകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധികളിൽ സ്ഥാപിക്കാൻ കഴിയുമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് യോഗത്തിൽ പറഞ്ഞു.രാത്രിയിൽ വ്യക്തമായ നിരീക്ഷണം സാധ്യമാകുന്നതിന് ഐപി ക്യാമറകളും ഐആർ ക്യാമറകളുമാണ് സ്ഥാപിക്കേണ്ടതെന്ന് പോലീസ് ഉദ്യോഗസ്ഥർ നിർദേശിച്ചു. സിസിടിവി ക്യാമറകൾ നിരീക്ഷിക്കാനും നിയന്ത്രിക്കാനും പോലീസിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സാധിക്കും. ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി.എം. ഷെഫീഖ്, പോലീസ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# കരുതലും കൈത്താങ്ങും: ആലുവ താലൂക്ക് അദാലത്ത് ഇന്ന്

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് മൂന്നാം നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി നടത്തുന്ന കരുതലും കൈത്താങ്ങും ആലുവ താലൂക്കുതല അദാലത്ത് ഇന്ന് നടക്കും. ആലുവ മഹാത്മാഗാന്ധി ടൗൺഹാളിൽ നടക്കുന്ന അദാലത്തിൽ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് എന്നിവർ നേതൃത്വം നൽകും. താലൂക്കിലെ വിവിധ വകുപ്പുകളിലായി ലഭിച്ച അപേക്ഷകളിൽ നിന്ന് സൂക്ഷ്മ പരിശോധനക്കുശേഷം തിരഞ്ഞെടുത്ത 287 അപേക്ഷകളാണ് അദാലത്തിൽ പരിഗണിക്കുന്നത്. രാവിലെ 10 നു തുടങ്ങുന്ന അദാലത്തിൽ ആളുകൾ എത്തിച്ചേരുന്നതിനനുസരിച്ചു ടോക്കൺ നമ്പറിന്റെ അടിസ്ഥാനത്തിലാണ് പരാതികൾ പരിഗണിക്കുന്നത്. അദാലത്ത് ദിവസം നേരിട്ടെത്തിയും പരാതികൾ സമർപ്പിക്കാം. പരാതിയിന്മേലുള്ള നടപടി പൂർത്തിയാകുന്നതിനനുസരിച്ച് അപേക്ഷകർക്ക് സന്ദേശം അയക്കുന്നുണ്ട്.ആലുവ താലൂക്കിലെ അദാലത്തിനു ശേഷം കുന്നത്തുനാട് താലൂക്ക് അദാലത്ത് 22ന് പെരുമ്പാവൂർ ഇ.എം.എസ് മെമ്മോറിയൽ ടൗൺഹാളിൽ നടക്കും. കൊച്ചി താലൂക്ക് അദാലത്ത് 23ന് മട്ടാഞ്ചേരി ടി.ഡി. സ്കൂളിലും മൂവാറ്റുപുഴ താലൂക്ക് അദാലത്ത് 25ന് മൂവാറ്റുപുഴ മുനിസിപ്പൽ ടൗൺഹാളിലും നടക്കും. ജില്ലയിലെ അവസാന അദാലത്ത് മെയ് 26ന് കോതമംഗലം താലൂക്കിലെ മാർത്തോമ ചെറിയ പള്ളി കൺവെൻഷൻ സെന്ററിലാണ് നടത്തുന്നത്.

# പുലിയാമ്പിള്ളി മുഗൾ കോളനി നവീകരണം : ഒരു കോടി രൂപ അനുവദിച്ചു

**കൊച്ചി:** പുലിയാമ്പിള്ളി മുഗൾ കോളനിയിലെ നവീകരണ പ്രവർത്തനങ്ങൾക്ക് പട്ടികജാതി വികസന വകുപ്പ് ഒരു കോടി രൂപയുടെ സാങ്കേതിക അനുമതി നൽകിയിട്ടുണ്ടെന്ന് പി.വി. ശ്രീനിജിൻ എം.എൽ.എ. പറഞ്ഞു. മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നതും അടിസ്ഥാന സൗകര്യ വികസനത്തിൽ പിന്നോക്കം നിൽക്കുന്നതുമായ കോളനികളെ ഉയർത്തികൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായാണ് നവീകരണം.ഇതിനോടനുബന്ധിച്ച് കോളനിയിലെ 34 വീടുകൾ അറ്റകുറ്റപണി നടത്തി നവീകരിക്കും. ഇതിനായി 48,70, 503 രൂപ വകയിരുത്തിയിട്ടുണ്ട്. അങ്കണവാടി നവീകരണം, പൊതുകുളനവീകരണം, നടപ്പാത കോൺക്രീറ്റിങ്ങ്, കോളനി റോഡുകളുടെ നവീകരണം, ലൈബ്രറി പുസ്തകങ്ങളും കായിക ഉപകരണങ്ങളും വാങ്ങൽ എന്നിവക്കെല്ലാം ഫണ്ടുകൾ വകയിരുത്തിയിട്ടുണ്ട്. കരാർ നടപടികൾ പൂർത്തിയാക്കി പത്ത് മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് സർക്കാർ നിർദ്ദേശം.

# കിറ്റ്സിൽ എം.ബി.എ: ഒഴിവുള്ള സീറ്റിലേക്ക് അപേക്ഷിക്കാം

കൊച്ചി: സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം.ബി.എ. (ട്രാവൽ ആന്റ് ടൂറിസം) 202325 ബാച്ചിലേക്ക് ഒഴിവുള്ള സീറ്റിലേക്ക് ഓൺലൈനായി അപേക്ഷിക്കാം. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടു കൂടിയ ഡിഗ്രിയും, കെമാറ്റ്/സിമാറ്റ്/ക്യാറ്റ് യോഗ്യതയും ഉള്ളവർക്കും അവസാന വർഷ വിദ്യാർത്ഥികൾക്കും

www.kittsedu.org വഴി അപേക്ഷിക്കാം. കേരള സർവ്വകലാശാലയുടേയും, എ.ഐ.സി.റ്റി.ഇ.യുടേയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവത്സര കോഴ്സിൽ, ട്രാവൽ, ടൂർ ഓപ്പറേഷൻ, ഹോസ്പിറ്റാലിറ്റി, എയർപോർട്ട് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ സ്പെഷ്യലൈസേഷനും ജർമ്മൻ, ഫ്രഞ്ച് ഭാഷകൾ പഠിക്കാനും അവസരമുണ്ട്. വിജയികളാകുന്ന വിദ്യാർത്ഥികൾക്ക് 100 ശതമാനം പ്ലേസ്മെന്റ് അസിസ്റ്റന്റ്സ് നൽകുന്നു. എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള സംവരണവും ആനുകൂല്യങ്ങളും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.kittsedu.org. 9446529467/ 9847273135/ 04712327707 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

# പുതിയ എക്സ്പൾസ് 200 ഫോർ വി പുറത്തിറക്കി ഹീറോ മോട്ടോകോർപ്പ്



**കൊച്ചി:** ഹീറോ മോട്ടോകോർപ്പ് പുതിയ ഒബിഡി കക, ഇ20 മാനദണ്ഡങ്ങൾ പാലിക്കുന്ന സാഹസിക മോട്ടോർസൈക്കിളായ എക്സ്പൾസ് 200 വാൽവ് പുറത്തിറക്കി. ശുദ്ധവും സാങ്കേതികമായി നൂതനവുമായ സഞ്ചാര പരിഹാരങ്ങൾ കൊണ്ടുവരാനുള്ള തങ്ങളുടെ ഉറച്ച പ്രതിബദ്ധതയ്ക്ക് അനുസൃതമായാണ് പ്രീമിയം ഉൽപ്പന നിരയിൽ വാഹനം അവതരിപ്പിച്ചിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.എക്സ്പൾസ് 200 4വിയിൽ 20% വരെ എത്തനോൾ കലർന്ന ഗ്യാസോലിൻ മിശ്രിതത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന ഇ20 മാനദണ്ഡം പാലിക്കുന്ന എഞ്ചിനാണ് ഉള്ളത്. വാഹനത്തിലെ ഏതെങ്കിലും തകരാറുകൾ കണ്ടെത്തുന്നതിനും അത് സൂചിപ്പിക്കുന്ന ലൈറ്റ് (എംഐഎൽ) വഴി ഉപയോക്താവിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും സഹായിക്കുന്ന ഓൺബോർഡ് ഡയഗ്നോസ്റ്റിക്സ് (ഒബിഡി) എന്ന സ്വയം പ്രശ്നങ്ങൾ കണ്ടെത്തുന്ന സംവിധാനമുള്ളതാണ് പുതിയ മോട്ടോർ സൈക്കിളെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.റൈഡർമാർക്ക് ഏത് ദുർഘട പാതകളും കീഴടക്കുന്നതിന് സഹായിക്കുന്ന തരത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഹീറോ എക്സ്പ്ലസ് 200 4വി സാഹസികതയുടേയും സുഖത്തിന്റേയും സമാനതകളില്ലാത്ത അനുഭവം നൽകുന്ന തരത്തിൽ കൂടുതൽ മെച്ചപ്പെടുത്തി എടുത്തിട്ടുള്ളതാണ്. പരിഷ്കരിച്ച എർഗണോമിക്സും ലൈറ്റിങ്ങ് ടെക്നോളജിയും മെച്ചപ്പെടുത്തിയ ബ്രേക്കിങ്ങ് സംവിധാനവും എല്ലാം ചേർന്ന് ഹീറോ എക്സ്പ്ലസ് 200 4 വിയെ പര്യവേഷണം ചെയ്യാത്ത എന്തിനേയും പര്യവേഷണം ചെയ്യുന്നതിന് ഉതകുന്നതാക്കുന്നു. രണ്ട് വേരിയന്റുകളിലായാണ് ഈ മോട്ടോർ സൈക്കിൾ പുറത്തിറക്കിയിരിക്കുന്നത്. ബേസ്, പ്രോ എന്നിവ. എക്സ്പൾസ് 200 4 വി ഹീറോ മോട്ടോ കോർപ്പിന്റെ രാജ്യത്തുടനീളമുള്ള എല്ലാ ഡീലർമാരിലൂടേയും ലഭ്യമാകും.1,43,516 (ബേസ്), രൂപ 1,50,891 (പ്രോ) എന്നിങ്ങനെയാണ് ഡൽഹി എക്സ് ഷോറൂം വില

# മൊബൈൽ ട്രേഡിംഗ് ആപ്പ് അവതരിപ്പിച്ച് ജിയോജിത്




**കൊച്ചി:**പ്രമുഖ നിക്ഷേപ സേവന സ്ഥാപനമായ ജിയോജിത് ഏറ്റവും പുതിയ സൗകര്യങ്ങൾ ഉൾപ്പെടുത്തി 'ഫ്ളിപ്പ്" എന്നപേരിൽ പുതിയ മൊബൈൽ ട്രേഡിംഗ് ആപ്പ് പുറത്തിറക്കി. ജിയോജിത്തിന്റെ നിലവിലെ മൊബൈൽ ട്രേഡിംഗ് പ്ലാറ്റ്ഫോമായ 'സെൽഫി' യിൽ നിന്ന് നിക്ഷേപകർക്ക് ഫ് ളിപ്പിലേക്ക് വളരെ എളുപ്പം മാറാൻ സാധിക്കും. ആപ്പിളിന്റെ ആപ്പ് സ്റ്റോറിൽ നിന്നും ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും ഫ് ളിപ്പ് ഡൗൺലോഡ് ചെയ്യാം.ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച ട്രേഡിംഗ് അനുഭവം ഒരുക്കാൻ ജിയോജിത് പ്രതിജ്ഞാബദ്ധമാണെന്നും ഫ് ളിപ്പിലൂടെ ഈ ലക്ഷ്യത്തിലേക്കുള്ള ഒരു ചുവടുകൂടി മുന്നോട്ടു വെയ്ക്കുകയാണെന്നും ജിയോജിത് എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺസ് ജോർജ്ജ് പറഞ്ഞു. വൺ കാൻസൽ അദർ ഓർഡർ, ബ്രാക്കറ്റ് ഓർഡറുകൾ, ബാസ്ക്കറ്റ് ഓർഡറുകൾ, ഓപ്ഷൻ ചെയിൻ, ഓപ്ഷൻ ഗ്രീക്ക്സ്, സിംഗിൾ ക്ലിക്ക് മൾട്ടി ലെഗ് ഓർഡറുകൾ എന്നിവയെല്ലാം ഫ്ളിപ്പിന്റെ പ്രത്യേകതയാണ്. പോർട്ട്ഫോ ളിയോ സംബന്ധിച്ച നിർദ്ദേശങ്ങൾ, ടെക്നിക്കൽ ആൻഡ് ഫണ്ടമെന്റൽ റിസർച്ച്, ഓഹരി സംബന്ധമായ വിശദവിവരങ്ങൾ, ഏറ്റവും പുതിയ ട്രേഡിംഗ് വിവരങ്ങൾ (ട്രേഡിംഗ് വ്യൂ) ഇടപാടുകളുടേയും നിക്ഷേപങ്ങളുടേയും സമഗ്ര വിവരങ്ങൾ ലഭിക്കുന്ന ഡാഷ്ബോർഡ് എന്നീ സൗകര്യങ്ങളും ഫ് ളിപ്പിൽ ലഭ്യമാണ്.ഏറ്റവും ആധുനികവും സൗകര്യപ്രദവുമായ ട്രേഡിംഗ് പ്ലാറ്റ്ഫോം ഒരുക്കുന്നതിൽ ജിയോജിത് മുൻപന്തിയിലാണ്. പുതിയ സൗകര്യങ്ങളോടെയുള്ള ഫ് ളിപ്പ് മികച്ച ട്രേഡിംഗ് അനുഭവം നൽകുമെന്നും ജിയോജിത്തിന്റെ ഓൺലൈൻ കസ്റ്റമർ എക്സ്പീരിയൻസ് ഹെഡ് ദിലീപ് രാധാകൃഷ്ണൻ പറഞ്ഞു.ഓപ്ഷൻ ട്രേഡിംഗിനു വേണ്ടിയുള്ള സ്പ്ലിറ്റ് ഓർഡറുകൾ, ഫ്യൂച്ചർ ട്രേഡിംഗിനു വേണ്ടിയുള്ള റോൾഓവർ ഓർഡർ, ട്രേഡ് ഫ്രം ചാർട്ട്, ഇവന്റ്സ് കലണ്ടർ, വിപണി അവലോകനം, ഐപിഒ തുടങ്ങിയ സേവനങ്ങൾ അടുത്ത മൂന്നുമാസത്തിനകം ഫ് ളിപ്പിൽ ലഭ്യമാകുമെന്നും അദ്ദേഹം പറഞ്ഞു.

# സൺഫീസ്റ്റ് ഫാംലൈറ്റ് സൂപ്പർ മില്ലറ്റ്സ് കുക്കികൾ അവതരിപ്പിച്ച് ഐടിസി







**കൊച്ചി:** ഹെൽപ് ഇന്ത്യ ഈറ്റ് ബെറ്റർ പദ്ധതിയുടെ ഭാഗമായി സൺഫീസ്റ്റ് ഫാംലൈറ്റ് സൂപ്പർ മില്ലറ്റ്സ് ബ്രാൻഡിൽ ഐടിസി ഫുഡ്സ് തങ്ങളുടെ ആദ്യത്തെ മില്ലറ്റ് കുക്കികൾ വിപണിയിലിറക്കി. മൾട്ടി മില്ലറ്റ്, ചോക്കോചിപ്പ് മൾട്ടി മില്ലറ്റ് എന്നീ രണ്ടു വകഭേദങ്ങളിൽ എത്തിയിരിക്കുന്ന ഈ മില്ലറ്റ് കുക്കികൾ, റാഗി, ജോവർ (സോർഗം) എന്നീ മില്ലറ്റുകളുടെ മിശ്രിതം ഉപയോഗിച്ച് മൈദ ചേർക്കാതെയാണ് നിർമിച്ചിരിക്കുന്നതെന്ന് ഐടിസി ഫുഡ്സ് ഡിവിഷൻ ബിസ്ക്കറ്റ് ആന്റ് കേക്ക്സ് ക്ലസ്റ്റർ സിഒഒ അലി ഹാരിസ് ഷെർ പറഞ്ഞു.ഒപ്പം അയൺ, പ്രോട്ടീൻ, ഫൈബർ എന്നിവ ചേർത്ത് സമ്പുഷ്ടമാക്കിയിട്ടുമുണ്ട്. 75 ഗ്രാം പാക്കിന്റെ ചില്ലറ വിൽപ്പനവില 50 രൂപ. കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ചില്ലറവിൽപ്പനശാലകളിലും ഐടിസിയുടെ ഇ കോമേഴ്സ് പ്ലാറ്റ്ഫോമായ കഠഇടാേൃല.ശി ലും ലഭ്യമാണ്. സാധാരണ ധാന്യങ്ങൾക്കു പകരമുള്ള ഭാവിയുടെ ഭക്ഷണമായി കരുതപ്പെടുന്ന മില്ലറ്റുകളുടെ കൃഷി പരിസ്ഥിതിക്ക് താരതമ്യേന കുറവ് ദോഷം ചെയ്യുന്നതാണെന്ന മികവു കൂടി കണക്കിലെടുത്താണ് പുതിയ മില്ലറ്റ് കുക്കികൾ അവതരിപ്പിച്ചിരിക്കുന്നതെന്നും അലി ഹാരിസ് ഷെർ പറഞ്ഞു. കൂടുതൽ മില്ലറ്റ് ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനായി ഐടിസി മിഷൻ മില്ലറ്റ് എന്നൊരു പദ്ധതിയ്ക്കു തന്നെ കമ്പനി തുടക്കമിട്ടിട്ടുണ്ട്. ഇത്തരത്തിൽപ്പെട്ട ആരോഗ്യത്തിനിണങ്ങുന്ന ഉൽപ്പന്നങ്ങളുടെ വികസനം, സുസ്ഥിര കാർഷിക സമ്പ്രദായങ്ങൾ നടപ്പിലാക്കൽ, മില്ലറ്റുകളുടെ പ്രയോജനത്തെക്കുറിച്ച് ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പെടുന്ന ത്രിമുഖ പ്രചാരണവും ഒപ്പമുണ്ട്. ഐടിസി ഫുഡ്സ് ഇതിനകം തന്നെ ആശിർവാദ് മൾട്ടി മില്ലറ്റ് മിക്സ്, ആശിർവാദ് റാഗി മാവ്, ആശിർവാദ് ഗ്ലൂട്ടൻ ഫ്രീ മാവ് തുടങ്ങി നിരവധി മില്ലറ്റ് അധിഷ്ഠിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിച്ചിട്ടുണ്ട്. ഭാവിയിൽ കൂടുതൽ വിഭാഗങ്ങളിൽ മില്ലറ്റ് അധിഷ്ഠിത ഉൽപ്പന്നങ്ങൾ വിപണിയിലിറക്കാനും കമ്പനി ലക്ഷ്യമിടുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# 'എർത്ത് ബ്ലൂ' വയർലെസ് ഇയർബഡുകൾ പുറത്തിറക്കി സോണി



**കൊച്ചി:** വയർലെസ് ഇയർബഡുകളായ ഡബ്ല്യുഎഫ്എൽഎസ്900എൻ 'എർത്ത് ബ്ലൂ' സോണി ഇന്ത്യ പുറത്തിറക്കി. കഴിഞ്ഞ നവംബർ മുതൽ വിൽപ്പനയിലുള്ള കറുപ്പ്, വെള്ള നിറങ്ങളുടെ ചുവടുപിടിച്ചാണ് എർത്ത് ബ്ലൂ നിറത്തിൽ പുതിയ ഇയർബഡുകൾ സോണി പുറത്തിറക്കിയത്. സോഫ്റ്റ്വെയർ അപ്ഡേറ്റ് വഴി ഡബ്ല്യുഎഫ്എൽഎസ്900എൻ സീരീസുകൾക്കിടയിൽ തടസ്സമില്ലാത്ത സ്വിച്ചിംഗ് പ്രവർത്തനക്ഷമമാക്കുന്ന ഒരു മൾട്ടിപോയിന്റ് കണക്ഷനും പുറത്തിറക്കി.റീസൈക്കിൾ ചെയ്ത വാട്ടർ ബോട്ടിലുകളിൽ നിന്ന് ഉത്പാദിപ്പിക്കുന്ന റീസൈക്കിൾ ചെയ്ത റെസിൻ മെറ്റീരിയലുകൾ ഉപയോഗിച്ചാണ് 'എർത്ത് ബ്ലൂ' നിറത്തിലുള്ള ഡബ്ല്യുഎഫ്എൽഎസ്900എൻ നിർമ്മിച്ചിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ഇതിൽ നിന്നു വികസിപ്പിച്ചെടുത്ത വസ്തു ഇയർബഡുകൾക്കുവേണ്ടി മാത്രമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ഡബ്ല്യുഎഫ്എൽഎസ്900എൻ ഇയർബഡുകളുടെയും മുഴുവൻ പാക്കേജിംഗും പ്ലാസ്റ്റിക് രഹിതമാണ്. കൂടാതെ ഓട്ടോമൊബൈൽ ഭാഗങ്ങളിൽ നിന്ന് റീസൈക്കിൾ ചെയ്ത വസ്തുക്കൾ ഇയർബഡുകളിൽ ഉപയോഗിക്കുന്നു. പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനുള്ള സോണിയുടെ പ്രതിബദ്ധതയെയാണ് ഇതു കാണിക്കുന്നത്. 2050 ഓടെ എൻവൈറൻമെൻറ്റൽ ഫുട്പ്രിൻറ് പൂജ്യമായി കുറയ്ക്കുവാൻ സോണി ഗ്രൂപ്പ് ലക്ഷ്യമിടുന്നു. അതിൻറെ ഭാഗമായി കമ്പനി 'റോഡ് ടു സീറോ' എന്ന പേരിൽ ഒരു ദീർഘകാല പരിസ്ഥിതി പദ്ധതിക്കു രൂപം നൽകിയിട്ടുണ്ട്. പുനരുപയോഗ പ്ലാസ്റ്റിക്കിൻറെ അവതരണം, ഉൽപന്നങ്ങളുടെ വൈദ്യുതി ഉപഭോഗം കുറയ്ക്കൽ, പുതുതായി രൂപകൽപ്പന ചെയ്ത ചെറിയ ഉൽപ്പന്നങ്ങളുടെ പാക്കേജിംഗിൽ നിന്ന് പ്ലാസ്റ്റിക് ഒഴിവാക്കൽ, പുനരുപയോഗ ഊർജം ഉപയോഗിക്കൽ തുടങ്ങിയവ പ്രോൽസാഹിപ്പിക്കുവാൻ ഇതിലൂടെ ലക്ഷ്യമിടുന്നതായും കമ്പനി അധികൃതർ വ്യക്തമാക്കി.

# സ്കോളർഷിപ്പ് നേടാൻ അവസരമൊരുക്കി അലൻ ഇൻസ്റ്റിറ്റ്യൂട്ട് ടാലെന്റെക്സ്

**കൊച്ചി:** അലൻ കരിയർ ഇൻസ്റ്റിറ്റ്യൂട്ട് 2024ലേക്കുള്ള ടാലെന്റക്സ് പരീക്ഷയുടെ പത്താം പതിപ്പ് പ്രഖ്യാപിച്ചു. അഞ്ച് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് കോച്ചിങ് ഫീസിൽ ഇളവു നൽകിക്കൊണ്ട് അവരുടെ സ്വപ്നങ്ങൾ സഫലമാക്കുന്നതിനുള്ള കഴിവുകൾ പ്രകടിപ്പിക്കുന്നതിനായി അവസരമൊരുക്കുന്ന പ്ലാറ്റ് ഫോമാണ് ടാലെന്റെക്സ് എന്ന് ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ വ്യക്തമാക്കി.ഒറ്റ ഘട്ടമായി ഓഫ്ലൈനായായിരിക്കും പരീക്ഷ. മേഖല തിരിച്ചുള്ള പരീക്ഷ ഒക്ടോബർ 29 മുതൽ നവംബർ 5വരെയായിരിക്കും നടത്തുന്നത്. ദേശീയ, സംസ്ഥാന റാങ്കിങ് അനുസരിച്ചായിരിക്കും 250 കോടി രൂപയുടെ സ്കോളർഷിപ്പ് നൽകുക. കൂടാതെ ജെഇഇ, നീറ്റ്, സിഎ, സിഎസ് തുടങ്ങിയ പരീക്ഷകളിൽ പങ്കെടുത്തിരുന്നെങ്കിൽ റാങ്ക് എത്രയായിരിക്കും എന്ന് വ്യക്തമാക്കുന്ന മത്സര പരീക്ഷാ സൂചിക ഓരോ വിദ്യാർത്ഥിക്കും ലഭ്യമാക്കും. 1.25 കോടിയുടെ കാഷ് പ്രൈസും സ്കോളർഷിപ്പും വിദ്യാർത്ഥികൾക്ക് അവരുടെ കരിയർ വികസനത്തിന് അനുയോജ്യമായ പിന്തുണയോടെ മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും നൽകുകയെന്നും ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ അറിയിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ അക്കാദമിക് മികവ് വിലയിരുത്താനും ദേശീയ തലത്തിലുള്ള പരീക്ഷകൾക്ക് ഒരുങ്ങാനുമുള്ള അവസരവുമാണ് പരീക്ഷ ഒരുക്കുന്നത്. പരീക്ഷയുടെ ഫലവും സമ്മാന വിതരണവും സംബന്ധിച്ച വിവരങ്ങൾ നവംബറിൽ പ്രഖ്യാപിക്കും. 2023 ജൂൺ 30 ആണ് പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി. ***.മേഹഹലിലേഃ.രീ എന്ന വെബ്സൈറ്റിൽ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.

# കൊച്ചി വാട്ടർ മെട്രോ: മൂന്നാഴ്ചയ്ക്കിളളിൽ യാത്ര ചെയ്തത് 1,90,000 ലധികം പേർ



**കൊച്ചി:** പ്രവർത്തനമാരംഭിച്ച് കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ തന്നെ യാത്രക്കാരുടെ എണ്ണത്തിൽ സൂപ്പർ ഹിറ്റായി മാറിയിരിക്കുകയാണ്. കൊച്ചി വാട്ടർ മെട്രോ. രണ്ട് റൂട്ടുകളിലായി ദിവസേന നൂറിലധികം സർവ്വീസുകളാണ് കൊച്ചി വാട്ടർ മെട്രോയ്ക്കുള്ളത്. സർവ്വീസ് ആരംഭിച്ച് മൂന്ന് ആഴ്ച്ചയിക്കുള്ളിൽ 1,90000ലധികം ആളുകൾ ( ഇന്നലെ ഉച്ചയ്ക്ക് ഒരുമണി വരെ 191,413 ആളുകൾ ) കൊച്ചി വാട്ടർ മെട്രോയിൽ യാത്ര ചെയ്തതായിട്ടാണ് കണക്കുകൾ വ്യക്തമാക്കുന്നത്.നിലവിൽ ശരാശരി ഒൻപതിനായിരം പേരാണ് ദിവസേന കൊച്ചി വാട്ടർ മെട്രോയിൽ യാത്ര ചെയ്യുന്നത്. യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള ക്രമീകരണങ്ങളാണ് കൊച്ചി വാട്ടർ മെട്രോയിൽ ഒരുക്കിയിരിക്കുന്നതെന്ന് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ അറിയിച്ചു.നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് കൊച്ചി വാട്ടർ മെട്രോയുടെ പ്രവർത്തനം. വൈറ്റിലയിലെ ഓപ്പറേഷൻസ് കൺട്രോൾ സെന്ററിൽ നിന്ന് സദാസമയം നിരീക്ഷണത്തിലും നിയന്ത്രണത്തിലുമാണ് കൊച്ചി വാട്ടർ മെട്രോയുടെ ഇലക്ട്രിക് ഹൈബ്രിഡ് ബോട്ടുകളുടെയും ടെർമിനലുകളുടെയും പ്രവർത്തനം. ഇലക്ട്രിക് മോഡിൽ നിന്ന് അനായാസം ഹൈബ്രിഡ്, ഡീസൽ മോഡുകളിലേക്ക് സ്വിച്ച് ചെയ്യാൻ കൊച്ചിൻ ഷിപ്പ് യാർഡിൽ തദ്ദേശീയമായി നിർമ്മിച്ച് അന്താരാഷ്ട്ര തലത്തിൽ പ്രശംസ നേടിയ കൊച്ചി വാട്ടർ മെട്രോ ബോട്ടുകൾക്ക് സാധിക്കും. യാത്രക്കാരുടെ സുരക്ഷയ്ക്ക് പ്രഥമ പരിഗണന നൽകിയാണ് കൊച്ചി വാട്ടർ മെട്രോയുടെ പ്രവർത്തനമെന്നും ലോക്നാഥ് ബെഹ്റ അറിയിച്ചു.

## എറണാകുളം, തൃശ്ശൂർ മെഡിക്കൽ കോളജുകളിൽ ക്രഷ് സംവിധാനം ഉടൻ:മന്ത്രി വീണാ ജോർജ്



**കൊച്ചി:**എറണാകുളം, തൃശൂർ സർക്കാർ മെഡിക്കൽ കോളജുകളിൽ ഡോക്ടർമാർ ഉൾപ്പെടെ ജീവനക്കാരുടെ കുഞ്ഞുങ്ങൾക്കായുള്ള ക്രഷ് സംവിധാനം ഉടൻ തുടങ്ങുമെന്ന് മന്ത്രി വീണാ ജോർജ്. സംസ്ഥാനത്ത് സർക്കാർ നേതൃത്വത്തിൽ ആരംഭിച്ച 17ാമത്തെ ക്രഷ് തിരുവനന്തപുരത്ത് കേരള യൂണിവേഴ്സിറ്റിയുടെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. തൊഴിലിടങ്ങളിലെ സ്ത്രീ പ്രാതിനിധ്യത്തിൽ കേരളം രാജ്യത്ത് ഒന്നാമത് ആണെങ്കിലും തൊഴിൽ രംഗത്ത് സ്ത്രീകളുടെ എണ്ണം ഇനിയും വർധിക്കേണ്ടതുണ്ടെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.തൊഴിലിടങ്ങളിലെ സ്ത്രീ പങ്കാളിത്തം വർധിപ്പിക്കുന്ന നടപടികൾക്കു തുടർച്ച ഉണ്ടാകണം. കരിയറിൽ വളരെ മികച്ചു നിൽക്കുന്ന സ്ത്രീകൾ അമ്മയാകുന്നതോടെ കുഞ്ഞിനെ പരിപാലിക്കാൻ ആറുമാസം ജോലിയിൽനിന്ന് അവധി എടുക്കുമ്പോൾ ദിനേന അപ്ഡേഷൻ വേണ്ടുന്ന ഐ.ടി പോലുള്ള തൊഴിൽമേഖലകളിൽ പിന്തള്ളപ്പെട്ടു പോകുന്ന അവസ്ഥയുണ്ട്.ഇത്തരമൊരു അവസ്ഥയിൽ സംസ്ഥാന സർക്കാരിന്റെ പ്രധാനപ്പെട്ട ഇടപെടലാണ് തൊഴിലിടങ്ങളിൽ കുട്ടികളെ പരിപാലിക്കാൻ ക്രഷ് സംവിധാനം ഒരുക്കുക എന്നതെന്ന് മന്ത്രി പറഞ്ഞു. 50 സ്ത്രീകളിൽ കൂടുതലുള്ള തൊഴിലിടങ്ങളിൽ ക്രഷ് വേണം എന്നതാണ് സർക്കാർ നയം.കഴിഞ്ഞ ഓഗസ്റ്റിൽ തിരുവനന്തപുരത്തെ പി.എസ്.സി മുഖ്യ ഓഫീസിലാണ് ആദ്യത്തെ ക്രഷ് തുടങ്ങിയത്. ഇപ്പോൾ കേരള യൂണിവേഴ്സിറ്റി ക്യാമ്പസിൽ സംസ്ഥാനത്തെ പതിനേഴാമത്തെ ക്രഷും തിരുവനന്തപുരം ജില്ലയിൽ അഞ്ചാമത്തേതാണ്. ഉടൻ തന്നെ എറണാകുളം, തൃശൂർ മെഡിക്കൽ കോളജുകളിൽ ക്രഷ് സംവിധാനം സർക്കാർ തുടങ്ങും. ഇതിനുപുറമേ വെള്ളാനിക്കര കാർഷിക സർവകലാശാല ക്യാമ്പസിലും ക്രഷ് ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

# ക്രിക്കറ്റ് പ്രേമികൾക്കായി ജിയോ വിഐപി ബോക്സ്




**കൊച്ചി:** ഐപിഎൽ ആരാധകർക്കു വേണ്ടി ജിയോ നിർമിച്ച ഡിജിറ്റൽ പ്ലാറ്റ്ഫോമായ ജിയോ വിഐപി ബോക്സ്,ക്രിക്കറ്റ് പ്രേമികൾക്ക് അവരുടെ പ്രിയപ്പെട്ട താരങ്ങളോടൊപ്പമുള്ള രസകരമായ അനുഭവങ്ങൾ നൽകുന്നു . ജിയോയുടെയും ടു പ്ലാറ്റ്ഫോമിന്റെയും സഹകരണത്തിലൂടെ, എഐ , എആർ (ഓഗ്മെന്റഡ് റിയാലിറ്റി),ഡിജിറ്റൽ ടെക്നോളജി എന്നിവ സമന്വയിപ്പിച്ചു കൊണ്ടാണ് ജിയോ വിഐപി ബോക്സ് നിർമ്മിച്ചിരിക്കുന്നത്.ജിയോ വിഐപി ബോക്സ് ആരാധകർക്ക് കളിക്കാരോടോപ്പം നിന്ന് സെൽഫിയെടുക്കാനും , വ്യക്തിഗത സന്ദേശങ്ങൾ നേടാനുമുള്ള അവസരം നൽകുന്നു. നൂതനമായ നാല് വ്യത്യസ്ത സേവനങ്ങളാണ് ഇതിൽ ലഭ്യമാകുന്നതെന്ന് ജിയോ അധികൃതർ വ്യക്തമാക്കി. സ്ക്വാഡ് സെൽഫി- തങ്ങളുടെ പ്രിയപ്പെട്ട കളിക്കാരെ കാണാൻ ആരാധകർ ഇനി സ്വപ്നം കാണേണ്ടതില്ല. നൂതന എആർ സാങ്കേതികവിദ്യ ഉപയോഗിച്ച്, അവർക്ക് ഇപ്പോൾ അവരുടെ ക്രിക്കറ്റ് ഹീറോകളോടൊപ്പം സെൽഫികൾ എടുക്കാം, ഇത് ജീവിതകാലം മുഴുവൻ നിലനിൽക്കുന്ന ഓർമ്മകൾ സൃഷ്ടിക്കുന്നു.കളിക്കാരുടെ വ്യക്തിഗതമാക്കിയ സന്ദേശങ്ങൾ- ജിയോയുടെ അത്യാധുനിക ജനറേറ്റീവ് എ ഐ സാങ്കേതികവിദ്യ ഉപയോഗിച്ച്, ആരാധകർക്ക് ഏത് അവസരത്തിലും തങ്ങളുടെ പ്രിയപ്പെട്ട ക്രിക്കറ്റ് താരങ്ങളിൽ നിന്ന് ഇഷ്ടാനുസൃതം വീഡിയോ സന്ദേശങ്ങൾ അഭ്യർത്ഥിക്കാം. വിരാട് കോഹ്‌ലി, രോഹിത് ശർമ്മ, ഹാർദിക് പാണ്ഡ്യ തുടങ്ങിയവരിൽ നിന്ന് നിങ്ങൾക്ക് വീഡിയോ സന്ദേശങ്ങൾ ലഭ്യമാകും. കിറ്റ് റൂം- തങ്ങളുടെ പ്രിയപ്പെട്ട ടീമിന്റെ നിറങ്ങളിൽ അവരുടെ മുഖം പെയിന്റ് ചെയ്ത് ടീമിന് അചഞ്ചലമായ പിന്തുണ പ്രകടിപ്പിക്കാൻ കിറ്റ് റൂമിൽ റൂമിൽ സാധിക്കും.ജിയോയുടെ റഫറൽ പ്രോഗ്രാം- ജിയോയുടെ റഫറൽ പ്രോഗ്രാം 439 ദശലക്ഷം ഉപയോക്താക്കൾക്കായി ഒരു കമ്മ്യൂണിറ്റി അനുഭവം സൃഷ്ടിക്കുന്നു. ആരാധകർക്ക് മാച്ച് ടിക്കറ്റുകൾ, സമ്മാനങ്ങൾ പ്രത്യേക ആനുകൂല്യങ്ങൾ എന്നിവ സമ്മാനിക്കുന്നു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com